മലങ്കര

# വിദ്യോതിതൻ

പുസ്തകം ൮ | ൧൧൦൯ ധനു | ലക്കം ൩

## ജർമ്മൻരാജസഭയിൽ നടന്ന ലൂഥറിന്റെ വിസ്താരം

ലൂഥറിന്റെ ചരിത്രത്തിൽ അതിശോഭനമായ ഒരു ഭാഗം വോർമ്സിൽ വച്ചുള്ള അവന്റെ വിസ്താരമത്രെ. വിസ്താരസഭ ന്യൂറംബെർഗ്ഗിൽ കൂടേണ്ടതായിരുന്നുവെങ്കിലും അവിടെ ഒരു കഠിനമായ പകർച്ചവ്യാധിയുണ്ടായതുകൊണ്ട് വോർമ്സിൽവച്ചു നടത്തുവാൻ നിശ്ചയിച്ചു. വോർമ്സ്, റൈൻനദീതീരത്തു രമണീയമാംവണ്ണം പ്രകാശിച്ചുനിന്ന മുഖ്യവും പുരാതനവുമായ ഒരു നഗരമായിരുന്നു. ചക്രവർത്തിമാർ അക്കാലങ്ങളിൽ കൂടക്കൂടെ ഇവിടെ വന്നു താമസിക്ക പതിവുണ്ടായിരുന്നു. മഹാനായ ചാർളിമെൻ ചക്രവർത്തിയുടെ വിവാഹം ഇവിടെ വച്ചാണ് നടന്നതു്.

വിസ്താരസഭയ്ക്കു ഡീത്ത് (Diet) എന്നാണ് ജർമ്മൻകാർ പറയുന്നതു്. ലൂഥറിനെ വിസ്തരിക്കാനിരുന്ന ഡീത്ത് ൧൫൨൧ ജനുവരി ൬-ാംനു- കൂടേണ്ടതാണെന്നു വിളംബരം ചെയ്തു. ജർമ്മൻചക്രവർത്തിയായ ചാറത്സ് പഞ്ചമൻ പാപ്പയേയും ലൂഥറിന്റെ അനുകൂലകക്ഷിയായ സാക്സണിയിലെ പ്രഭുവിനെയും ഒരുപോലെ പ്രസാദിപ്പിക്കണമെന്നു നിശ്ചയിച്ചു. ലൂഥറിനെ ഡീത്തിലേക്കു കൂട്ടിക്കൊണ്ടു വരുവാൻ അദ്ദേഹത്തിന്റെ സംരക്ഷകനായ * ഇലക്ടറോട് ആവശ്യപ്പെട്ടു. ലൂഥർ കൊല്ലപ്പെട്ടുപോകുമെന്നുള്ള ഭയത്താൽ ഇലക്ടർ വളരെ വിഷമിച്ചു. അദ്ദേഹത്തിന്റെ കൊട്ടാരപുരോഹിതനായ സ്പലററിൻ ഈ കല്പനയുടെ വിവരം ലൂഥറിനെ അറിയിച്ചപ്പോൾ സ്നേഹിതന്മാർ ഭയപ്പെട്ടു എന്നു വരികിലും ലൂഥർ നിർഭയനായിനിന്നു. "സ്വർഗ്ഗീ

* ഇലക്ടർ എന്നു ഇവിടെ പറയുന്നതു് സാക്സനിയിലെ പ്രഭുവിനെയാണ്. ചക്രവർത്തിയെ തിരഞ്ഞെടുക്കുന്നതിൽ വോട്ടു ചെയ്‌വാനുള്ള അധികാരം ഉള്ളതിനാലാണ് ഈ സ്ഥാനപ്പേർ ലഭിച്ചിരിക്കുന്നതു്.

യായി വോർമ്സിലേക്കു പോകുവാൻ എനിക്കു കഴിഞ്ഞില്ലെങ്കിൽ ഈ സുഖക്കേടോടുകൂടിത്തന്നെ ഞാൻ അവിടെ പോകും. അവർ എന്റെ നേരെ അക്രമം ഭാവിച്ചാൽ [അതു ധാരാളം സംഭാവ്യമാണ്] ഈ കാര്യം ഞാൻ കർത്താവിന്റെ കൈകളിൽ വച്ചിരിക്കുന്നു. എന്നെ രക്ഷിപ്പാൻ അവനു മനസ്സില്ലെങ്കിൽ എന്റെ ജീവൻ കേവലം നിഷ്പ്രയോജനമായിട്ടുള്ളതു തന്നെ. ഓടിപ്പോക, തള്ളിപ്പറക, എന്നീ രണ്ടു സംഗതികളൊഴികെ മറ്റു് എന്തിനും ഞാൻ സന്നദ്ധൻ. ഓടിയൊളിക്കുക എന്നതു് എന്നാൽ സാദ്ധ്യമല്ല, തള്ളിപ്പറയുന്ന കഥയോ പറയണമെന്നില്ലല്ലൊ" എന്നിങ്ങനെ ഇലക്ടരുടെ പേർക്കെഴുതി. ഈ കത്തു കിട്ടുന്നതിനു മുമ്പു് ഇലക്ടർ ലൂഥറിനെ കൂടാതെ വോർമ്സിലേക്കു പുറപ്പെട്ടു.

ജനവരി 28-ാംനു- വിശ്വാസസഭ കൂടി. ലൂഥർ വോർമ്സിൽ ഹാജരാകുന്നതു് പാപ്പായുടെ പ്രതിനിധിക്കു് തീരെ ഇഷ്ടമില്ലായിരുന്നു. കാരണം ലൂഥറിന്റെ വാക്പാടവം റോമാസഭയ്ക്കു വളരെ കേടു ചെയ്യുമെന്നു് അദ്ദേഹം ഭയപ്പെട്ടു. പാപ്പാ രണ്ടാമതും ഒരു കല്പന പുറപ്പെടുവിച്ചു. ആദ്യത്തേതിൽ മുടക്കുണ്ടാകുമെന്നു പറഞ്ഞു ഭയപ്പെടുത്തുകയും രണ്ടാമത്തേതിൽ ലൂഥറിന്റെയും അനുഗാമികളുടെയും മേൽവിധി ഉച്ചരിക്കയും ചെയ്തു. ലൂഥറിനെ പിൻപറ്റുന്നവർ ശപിക്കപ്പെട്ടവരാണെന്നും അവരും അവരുടെ സന്തതികളും ഐഹിക സൗകര്യങ്ങളിൽനിന്നും പുറത്താക്കപ്പെടുമെന്നും അതിൽ പ്രസ്താവിച്ചിരുന്നു. മുടക്കുവിധി ഓരോ പള്ളിയിലും പരസ്യത്തിൽ വായിക്കേണ്ടിയിരുന്നു. അതിന്റെ ചടങ്ങു താഴെവരുംപ്രകാരമായിരുന്നു:—ത്രോണോസിൽനിന്നു വിശുദ്ധ പാത്രങ്ങളും മറ്റു് അലങ്കാരവസ്തുക്കളും നീക്കുകയും കുരിശു നിലത്തിട്ടു വയ്ക്കുകയും ചെയ്തിട്ടു് പന്ത്രണ്ടു പട്ടക്കാർ തങ്ങളുടെ കൈകളിൽ മെഴുകുതിരി പിടിച്ചുകൊണ്ടു് ആദ്യം അവ കത്തിക്കയും പിന്നീടു പൊട്ടിച്ചു് അവയെ കാൽക്കീഴിട്ടു ചവിട്ടി കെടുത്തുകയും ചെയ്തനന്തരം ബിഷോപ്പ് മുടക്കു് പ്രസിദ്ധപ്പെടുത്തുകയും മണികൾ അടിക്കയും ചെയ്യണം. പിന്നീട് ബിഷോപ്പന്മാരും പട്ടക്കാരും കൂടിച്ചേർന്നു് ശാപക്രിയാശേഷം ലൂഥറിനേയും അവന്റെ അനുഗാമികളേയും ദുഷിച്ചു തള്ളി ഒരു പ്രസംഗം പറഞ്ഞു് ശുശ്രൂഷ അവസാനിപ്പിക്കയും വേണം.

ഈ മുടക്കിനെ ഉറപ്പിച്ചു് ഖണ്ഡിതമായ ഒരു കല്പന പുറപ്പെടുവിക്കുന്നതിന് ചക്രവർത്തിയെ വളരെ നിർബന്ധിക്കുകയും ആ വിധത്തിൽ ഒരു കല്പന തയ്യാറാക്കുകയും ചെയ്തു. എന്നാൽ അതിന് ഓരോ സംസ്ഥാനാധിപന്മാരുടെയും സമ്മതംകൂടി ആവശ്യമായിരുന്നു. അതിനാൽ വിശ്വാസസഭയെ കാര്യം മനസ്സിലാക്കുക എന്നു ചക്രവർത്തി കല്പിച്ചു. പാപ്പായുടെ പ്രതിപുരുഷനായ എലിയാണ്ടർ (Aleander) ആ ഭാരം കയ്യേറ്റു.

ഫെബ്രുവരി ൧൩-ാംനു- ലൂഥറിനെക്കുറിച്ചു് വളരെ ദൂഷ്യങ്ങളും പറഞ്ഞും അവന്റെമേൽ വ്യാജമായ കുറ്റങ്ങളും ചുമത്തിക്കൊണ്ടും അവന്നെതിരായി ശക്തിയോടു പ്രവർത്തിക്കാൻ വിശ്വാസസഭയോടു യാചിച്ചുകൊണ്ടും എലിയാണ്ടർ മൂന്നുമണിക്കൂർ പ്രസംഗിച്ചു. ഒടുവിൽ ചക്രവർത്തിയുടെ നേരെ തിരിഞ്ഞുകൊണ്ടു് അയാൾ പറഞ്ഞതു്:— "അവിടുത്തെ ന്യായമായ പുമതലയെ

...വിടുന്ന് നിവൎത്തിച്ചാലും. അവിടു
...ത്ത അധികാരത്താൽ രാജ്യത്തിന്റെ
...ല്ലാ ഭാഗത്തുനിന്നും ലൂഥറിന്റെ ഉ
...ദ്ദേശങ്ങൾ നിഷ്കാസനം ചെയ്യു
...പ്പെടുകയും അവന്റെ ലിഖിതങ്ങൾ
...വ്വത്ര അഗ്നിക്കു സമൎപ്പിക്കപ്പെടുക
...ം ചെയ്യട്ടെ. നീതിയുടെ വഴിയിൽ
...ിന്ന് അവിടുന്ന് അശേഷം മാറരു
... ഒരുലക്ഷം മതവിപരീതികളെ
...ഷിപ്പിക്കത്തക്കവണ്ണമുള്ള ബഹളമാ
...കാറങ്ങൾ ലൂഥറിന്റെ ഭാഗത്തു
...ട്." കൂടാതെ ദുൎഭൂതമായ ലൂഥറി
...ന ചുടുന്നപക്ഷം വേണമെങ്കിൽ ത
...നുകൂടി അവനോടുകൂടെ ചുടുകളയു
...തിന്ന് സമ്മതിച്ചേക്കാമെന്നും അ
...ഹം ചക്രവൎത്തിക്കു വാഗ്ദാനംചെയ്തു.

... പ്രതിനിധിയുടെ വാക്കിനു മറുപടി
...റവാൻ ആരുമില്ലായിരുന്നു. എല്ലാ
...രുടെയും മനസ്സിൽ സംഗതി നല്ല
...ാലെ കടന്നു എങ്കിലും അതിന്റെ
...ത്തി ഏതാനും ദിവസങ്ങൾകൊണ്ടു
...ഞ്ഞുപോയി. സാക്സണിയിലെ
...ടുവായ ജോർജ്ജ് പരിഹരിക്കേണ്ട
...യ [റോമസഭയുടെ] അസംഖ്യം പി
...കൾ എടുത്തുപറഞ്ഞു. ഇററലിക്കാ
...മാത്രം ബിഷോപ്പുസ്ഥാനം കൊടു
...ന്നു, പാപമോചനച്ചീട്ടു വില്ക്കുന്ന,
...ട്ടുകാരുടെ അഴിമതി എന്നീവിഷ
...ങ്ങൾ അതിൽ ഉൾപ്പെട്ടിരുന്നു. മുഴു
...നായ ഒരു നവീകരണം ആവശ്യമാ
...ന്ന് അദ്ദേഹം വാദിച്ചു. നൂററാ
... തെററുകൾ അടങ്ങിയ ഒരു ലിസ്റ്റ്
...ഴുതിയുണ്ടാക്കുകയും ചെയ്തു. ഇതി
...ന്റെ ഫലമായി ചക്രവൎത്തി കല്പന
...ൻവലിച്ചു. ഡീററുകാർ ലൂഥർ ഹാജ
...കണമെന്ന് ചട്ടംകെട്ടി. ലൂഥർ കട
... പോകേണ്ട സംസ്ഥാനങ്ങളിലെ
...ള്ക്കന്മാരും ചക്രവൎത്തിയും അവനു

ശത്രുക്കളിൽനിന്ന് ഉപദ്രവം നേരിടാ...
തിരിപ്പാൻ അഭയദാനംചെയ്തു.

മാൎച്ചുമാസം 24-ാംതിയതി രാജകീ...
യദൂതൻ ലൂഥറിനു ചക്രവൎത്തിയുടെ സ...
മൻസൂരകൊടുത്തു. അവന്റെ സ്നേഹി...
തന്മാരെല്ലാവരും ഭയപരവശരായി...
എന്നാൽ ലൂഥർ ധൈൎയ്യമവലംബിച്ചു...
എന്റെരക്തം ചൊരിയുന്നപക്ഷം ര...
രോദേശത്തുമുള്ള ആയിരം പതിനായി...
രങ്ങളെക്കൊണ്ട് അതിനു സമാധാ...
നം പറയിച്ചശേഷമേ എന്റെ ശരീ...
രത്തിന്റെ ചൂട് ആറുകയുള്ളൂ എന്ന്
അവൻ പറഞ്ഞു.

ഏപ്രിൽ 2-ാംതീയതി ലൂഥർ ത...
ന്റെ സ്നേഹിതന്മാരോടു യാത്രപറ...
ഞ്ഞു. തനിക്കുവേണ്ടി തയ്യാറാക്കിയിരു...
ന്ന ഒരു യാത്ര വണ്ടിയിൽ തന്റെ മൂ...
ന്നു സ്നേഹിതന്മാരോടുകൂടി അവൻ ക...
യറി. അവരുടെ മുൻപിൽ ചക്രവൎത്തി...
യുടെ ദൂതൻ കുതിരപ്പുറത്തു യാത്ര ചെ...
യ്തു. അവൻ കടന്നുപോയ സ്ഥലങ്ങ...
ളിലെല്ലാം ജനങ്ങൾ കൂട്ടംകൂട്ടമായി...
അവന്റെ ചുററും വന്നുകൂടി. ഒരു വി...
ജയയാത്രയ്ക്കു സദൃശമായിരുന്നു. അവ...
ന്റെ യാത്ര ചക്രവൎത്തിയുടെയും രാജ...
കീയ വിസ്താരസഭയുടെയും മുൻപിൽ...
ഹാജരാകുവാൻ പോകുന്ന ഈ അസാ...
ധാരണ പുരുഷനെ ജനങ്ങൾ എല്ലാ...
യിടത്തും ഔത്സുക്യത്തോടുകൂടി നോ...
ക്കി.

അവനെ അധൈൎയ്യപ്പെടുത്തുവാനും
ചിലർ ശ്രമിച്ചില്ലെന്നില്ല. ന്യൂറംബ...
ൎഗ്ഗിൽ ഒരു പട്ടക്കാരൻ ഏതാനും വ...
ങ്ങൾക്കു മുൻപിൽ ചുട്ടെരിക്കപ്പെട്ട...
സവോനാരോളയുടെ ഒരു പടം ലൂഥർ...
കാണത്തക്കവണ്ണം അവന്റെ മുൻപി...
ൽ പിടിച്ചുനിന്നു. വെയ്മർ എന്ന...
സ്ഥലത്തു ലൂഥറിന്റെ ലിഖിതങ്ങൾ

ിസ്റ്റ്രേട്ടന്മാരെ ഏല്പിക്കണമെന്നുള്ള
ക്രവർത്തിയുടെ കല്പന രാജദൂതന്മാർ
യത്തിപ്പിടിച്ചിരിക്കുന്നതായി കണ്ട
പ്പോൾ ജനങ്ങൾ ക്രൂക്കിവിളിച്ചു.

വെയ്മറിൽ നിന്ന് അവൻ എർ
ഫർട്ടിൽ എത്തി. ആ പട്ടണത്തോട്
അവൻ സമീപിക്കുമ്പോൾ മൂപ്പന്മാരു
ടെയും (Senators) സ്നേഹിതന്മാരുടേ
യും ഒരു സംഘം അവനെകാണുന്ന
തിനായി പുറപ്പെട്ടു വന്നു സന്തോഷ
ത്തിന്റെ ആർപ്പുവിളിയോടുകൂടി അ
വന് ഉപചാരം ചെയ്തു. ഒരു ശക്തി
യേറിയ പ്രാസംഗികനായ ജസ്റ്റസ്
ജോനാസിനോടും മററു സ്നേഹിത
ന്മാരോടുമൊന്നിച്ച് അവിടെ നിന്ന്
അവൻ എയിസെനാക്കിൽ എത്തി.
അവിടെവെച്ച് അവൻ ദീനം പിടിച്ചു
എങ്കിലും പിറേറദിവസത്തേക്ക് അവ
ന യാത്ര തുടരത്തക്ക സുഖമുണ്ടായി.

അവൻ വഴിയെ പോകുമ്പോൾ ആ
ഭയരഹിതനായ സന്യാസിയെ ഒരു
നോക്കെങ്കിലും കാണ്മാൻ ജനങ്ങൾ
വാഞ്ഛയോടു കൂടിവന്നു. "അത്രവളരെ
കർദ്ദിനാളന്മാരും ബിഷപ്പന്മാരും വോ
ർമ്സിൽ ഉണ്ട്. ജോൺ ഹസ്സിനെ
അവർ അഗ്നിക്കിരയാക്കിയതുപോലെ
നിന്നെയും അവർ ചുട്ടെരിച്ചു കളയും
എന്ന് അവർ പറഞ്ഞു. ലേശം ഭയം
കൂടാതെയുള്ള ലൂഥറിന്റെ മറുപടി ഇ
പ്രകാരമായിരുന്നു. "വോർമ്സ് മുതൽ
വിററൻബർഗ്ഗുവരെയുമുള്ള വഴി മുഴുവ
നും അവർ തീ കത്തിക്കയും അതി
ന്റെ ജ്വാലകൾ ആകാശത്തോളമുയ
രുകയും ചെയ്താലും ഞാൻ കർത്തൃനാമ
ത്തിൽ അതിന്റെ നടുവിൽ കൂടി നട
ന്ന അവരുടെമുൻപിൽ ചെന്നെത്തും."

അഭയമാനാവധി കഴിയുംവരെയും
ലൂഥറിന്റെ യാത്രതടസ്സപ്പെടുത്തണ
മെന്ന് പാപ്പാപക്ഷക്കാർ ഒരു തന്ത്രം
ആലോചിച്ചു. എന്നാൽ നേരെ മുന്നോ
ട്ട് പോകണമെന്നുള്ള അവന്റെ സ്ഥി
രനിശ്ചയത്താൽ അത് വിഫലമാക്ക
പ്പെട്ടു.

ലൂഥർ നഗരത്തോടു അടുത്തപ്പോൾ
ഒരു ഭൃത്യൻ ഓടിവന്നു വോർമ്സിൽ
കടക്കരുത് എന്നുള്ള സ്പലററിന്റെ
ദൂത് അറിയിച്ചു. അക്ഷോഭ്യനായ ലൂ
ഥർ ഉത്തരം പറഞ്ഞു:—"വോർമ്സു
നഗരത്തിലുള്ള കെട്ടിടങ്ങളുടെ മീതെ
എത്ര ഓടുകൾ ഉണ്ടോ അത്രയും പി
ശാചുക്കൾ വോർമ്സിൽ ഉണ്ടായിരു
ന്നാലും ഞാൻ അതിൽ പ്രവേശിക്കു
മെന്ന് ചെന്നു നിന്റെ യജമാനനോ
ടു പറയുക."

കടശി ഏപ്രിൽ ൧൬-ാം തീയതി
നേരം പ്രഭാതമായപ്പോൾ ആ പുരാത
നനഗരത്തിന്റെ മതിലുകൾ ലൂഥറി
ന് അഭിലക്ഷീഭവിച്ചു. ഏതാനും യു
വാക്കന്മാരായ പ്രഭുക്കന്മാരും മാടമ്പിക
ളും മാന്യ പൌരന്മാരും അവനെ എ
തിരേല്പാനായി പട്ടണത്തിൽ നിന്നു കു
തിരയോടിച്ചുവന്നു. അവർ അവന്റെ
വണ്ടിക്കു ചുററും നിന്ന് നഗരത്തിന്റെ
പ്രവേശനദ്വാരംവരെയും അവനോടു
കൂടെ (അശ്വ)യാത്രചെയ്തു. അവൻ
പട്ടണത്തിൽകൂടെ പോകുമ്പോൾ ജന
ങ്ങൾ അവനെ കാണ്മാൻ തങ്ങളുടെ
വീട്ടുവാതല്ക്കലേക്കു ഓടിവന്നു. അ
പ്പോൾ ഉണ്ടായ ജനക്കൂട്ടം ചക്രവർത്തി
യുടെ നഗരപ്രവേശനസമയത്തുണ്ടാ
തിനെക്കാൾ വലുതായിരുന്നു. ലൂഥ
തനിക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന
സതിയുടെ അടുത്തു വന്നപ്പോൾ
ണ്ടിയിൽ നിന്നിറങ്ങി. അവന്റെ പാ
ങ്ങൾ ശ്രദ്ധാപൂർവം ചെയ്യു ഘട്ടത്തിൽ "ദൈ
വം എനിക്കു അഭയമായിരിക്കുമെന്
അവൻ വിളിച്ചുപറഞ്ഞു.

ചാറൽസ് ഭയംകൊണ്ടു നിറഞ്ഞു തൻെറ ആലോചനാസഭയെ വിളിച്ചു കൂട്ടി. "ലൂഥർ വന്നിരിക്കുന്നു എന്താണു ചെയ്യേണ്ടതു്" എന്നു ചോദിച്ചു.

പാളർമോ ബിഷോപ്പു മറുപടി പറഞ്ഞു:—തിരുമേനി ഇവൻെറ സംഗതിയിൽ ഇടപെടേണ്ട. ഉടൻതന്നെ ഇവനെ വിട്ടുകളഞ്ഞാലും. *സിജിസ്മണ്ടുചക്രവർത്തി ജോൺഹസ്സിനെ ചുട്ടുകളവാൻ ഏല്പിച്ചില്ലയോ? ദുരുപദേഷ്ടാക്കൾക്കു് അഭയമാനം ചെയ്വാൻ അവിടുന്നു മാത്രമല്ല ആരുതന്നെയും ബാദ്ധ്യസ്ഥനല്ല.

അങ്ങിനെയല്ല നമ്മുടെ വാക്കു പാലിക്കേണ്ടതു് ആവശ്യമാണെന്നു അദ്ദേഹം ബിഷോപ്പിനോടു പറഞ്ഞശേഷം പിറേറദിവസം രാവിലെ, അനന്തരം ഉച്ചകഴിഞ്ഞു നാലുമണിക്കു ചക്രവർത്തിയുടെയും സംസ്ഥാനാധിപന്മാരുടെയും മുൻപാകെ ഹാജരായിക്കൊള്ളണമെന്നു ലൂഥറിനു കല്പനകൊടുത്തു. ഇത്ര മഹത്തായ ഒരു സംഘത്തിൻെറ മുമ്പിൽ നില്ക്കുന്നതിനെക്കുറിച്ചു ലൂഥറിനു സ്വല്പസമയത്തേക്കു് ഒരു വിഷമം ഉണ്ടായി എങ്കിലും ശക്തിക്കായി ദൈവത്തോടു നിലവിളിക്കയും അതു് ഉടൻ നല്കപ്പെടുകയും ചെയ്തു. ഉച്ച കഴിഞ്ഞു ലൂഥറിനെ ഡീത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതിനു സർവ്വസൈന്യാധിപൻ വന്നു. ലൂഥർ അവനോടുകൂടി പുറപ്പെട്ടു. തെരുവുകൾ ജനതതിയാൽ നിബിഡീഭവിക്കയും ജനൽവാതിലുകളിൽ പഴുതു ശേഷിക്കാതെ വരികയും മേൽപ്പുരകൾ കാണികളെക്കൊണ്ടു നിറയുകയും ചെയ്തു. വഴിയിലെ തിരക്കു നിമിത്തം ലൂഥറിനെ തോട്ടങ്ങളിലും ഇടവെഴികളിലും കൂടി നടത്തിക്കൊണ്ടു പോകേണ്ടിവന്നു.

വിസ്താരസഭ കൂടിയിരുന്ന കെട്ടിടത്തിൻെറ ഗെയിററിനോടടുത്തപ്പോൾ വയസ്സുചെന്ന ധീരനായ ഒരു പട്ട ഇറങ്ങിവന്നു് അവനോടു ദയവായി സംസാരിച്ചു. "പാവപ്പെട്ട എൻെറ സന്യാസീ! അതിഭയങ്കരയുദ്ധങ്ങളിൽ പോലും ഞാനോ മററു സൈനികോദ്യോഗസ്ഥന്മാരോ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു പോരാട്ടത്തിൽകൂടെയാണു നിനക്കു കടന്നുപോകാനുള്ളതു്. എന്നാൽ നിൻെറ ഭാഗം ന്യായമായിരിക്കയും നിനക്കു് അങ്ങനെ നിശ്ചയമുണ്ടായിരിക്കയും ചെയ്താൽ ദൈവനാമത്തിൽ മുമ്പോട്ടു പോക. യാതൊന്നിനെയും ഭയപ്പെടേണ്ട. ദൈവം നിന്നെ കൈവിടുകയില്ല."

വിസ്താരസഭാമന്ദിരത്തിൻെറ വാതിലിനുള്ളിൽ ലൂഥർ പ്രവേശിപ്പിക്കപ്പെട്ടു. അവിടെ കൂടിയിരുന്ന സംഘം പ്രഭുക്കന്മാരുടെയും സഭാദ്ധ്യക്ഷന്മാരുടെയും പൌരപ്രധാനികളുടെയും അന്യാദൃ ശമായ മഹിമയോടുകൂടിയ ഒരു സഭ യായിരുന്നു. ഒരു മഹിതമായ സ്ഥാന ത്തു് അഞ്ചാംചാറൽസ് ചക്രവർത്തി സിംഹാസനാരൂഢനായിരിക്കുന്നു. ഇട ത്തുഭാഗത്തു് അദ്ദേഹത്തിൻെറ സ ഹോദരനായ ആർച്ച്ഡ്യൂക്ക്ഫെർഡി നാൻഡ് സ്ഥിതിചെയ്യുന്നു. അദ്ദേഹത്തി ൻെറ മുമ്പിൽ പാപ്പായുടെ പ്രാതിനി ധ്യം വഹിച്ചുകൊണ്ടു ട്രീവ്സിലെ ആ ർച്ച്ബിഷോപ്പു തലയിൽ മുടിയോടു കയ്യിൽ സ്ഥാനോചിതമായ വടിയോ ടുംകൂടി കാണപ്പെടുന്നു. നടുവിലുള്ള ഒ രു മേശപ്പുറത്തു കയ്യിൽ എഴുതാണി ...

* ജോൺ ഹസ്സ് ഒരു മഹാൻ നവീകരണ കർത്താവായിരുന്നു. സിജിസ്മണ്ടു ചക്രവർത്തി ഇദ്ദേഹത്തിനു് അഭയമാനം ചെയ്തു എങ്കിലും സത്യലംഘനം ചെയ്തു് ഇദ്ദേഹത്തെ ദഹിപ്പിച്ചു

സ്തകങ്ങളോടുകൂടി ആൎച്ചുബിഷോപ്പിന്റെ ചാൻസലർ ലൂഥറിനോടു ചോദ്യങ്ങൾ ചോദിപ്പാൻ തയാറായി നില്ക്കുന്നു. വലത്തുവശത്തു തന്റെ വാളിന്റെ പിടിമേൽ കൈ വച്ചുകൊണ്ടു വിസ്തരിക്കപ്പെടുന്ന സന്യാസിയുടെ സംരക്ഷകനായ സാക്സനിയിലെ ഇലക്ടറും, മുൻപിൽ തലമൂടാതെ ചക്രവൎത്തിയുടെ നേരെ നോക്കിക്കൊണ്ടു തന്റെ മുന്നിൽ കിടക്കുന്ന ഒരു മേശമേൽ താൻ എഴുതീട്ടുള്ള ഏതാനും പുസ്തകങ്ങളോടുകൂടി ലൂഥറും നിലകൊള്ളുന്നു.

ആകെക്കൂടെ ഇരുനൂറിൽപരം പ്രഭുക്കന്മാരും, കൂടാതെ ആൎച്ചുബിഷോപ്പന്മാർ, ബിഷോപ്പന്മാർ, സ്ഥാനപതികൾ എന്നിങ്ങനെ അസംഖ്യം മഹത്തുക്കളും ഉണ്ടായിരുന്നു. ഇതിനും പുറമെ തിങ്ങി കൂടിയ ഈ വലിയ ഹാൾ ഏകദേശം അയ്യായിരം ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു. ലൂഥറിനു അല്പം സങ്കോചം ഉണ്ടായി എന്നു കണ്ടയുടൻ പ്രഭുക്കന്മാരിലൊരുവൻ അവന്റെ ചെവിയിൽ ഇപ്രകാരം പറഞ്ഞു:— "ശരീരത്തെ കൊല്ലുന്നതിനല്ലാതെ ആത്മാവിനെ നശിപ്പിക്കാൻ കഴിയാത്തവരെ ഭയപ്പെടേണ്ട." സൈന്യാധിപൻ ലൂഥറിനെ സഭാമദ്ധ്യത്തിൽ കൊണ്ടുചെന്നു നിറുത്തിയശേഷം വിട്ടുപോകുമ്പോൾ "നിന്നോടു ചോദ്യം ചോദിക്കുന്നതുവരെയും യാതൊന്നും പറഞ്ഞുപോകരുതു" എന്ന് അവനോടു ചട്ടംകെട്ടി.

ലൂഥർ ഉൾപ്രവേശിച്ചു ഉടൻ സദസ്സിൽ ഒരു വലിയ ആരവം ഉണ്ടായി. ഈ പ്രസിദ്ധ പുരുഷനെ കാണ്മാൻ അവിടെ ഹാജരായിരുന്ന ഓരോരുത്തരും ബഹളം കൂട്ടിയതായിരുന്നു അതി
നു കാരണം. പെട്ടെന്നു ശബ്ദം അമർത്ത
പ്പെടുകയും എല്ലാം പ്രശാന്തമാകയും
ചെയ്തു. അനന്തരം ആൎച്ചുബിഷോപ്പി
ന്റെ ചാൻസലർ എഴുന്നേററു ലൂഥർ
ഉത്തരം പറയേണ്ടതിന്നു തെളിവായ ശ
ബ്ദത്തിൽ രണ്ടു ചോദ്യങ്ങൾ ചോദിച്ചു.
ഹാളിന്റെ നടുവിലുള്ള മേശമേൽ കി
ടന്നിരുന്ന ഇരുപതു പുസ്തകങ്ങളെ
ചൂണ്ടിക്കൊണ്ട് (ക) ഈ ഗ്രന്ഥങ്ങൾ
നീ എഴുതിയിട്ടുള്ളവയാണെന്നു നീ സ
മ്മതിക്കുന്നുവൊ? (ഖ) ഇവയെ പിൻ
വലിപ്പാൻ നിനക്കു ഒരുക്കമുണ്ടോ? എ
ന്നായിരുന്നു ചോദ്യങ്ങൾ.

ഒന്നാമത്തെ ചോദ്യത്തിന് അതെ
എന്ന് ഉത്തരം പറവാൻ ലൂഥർ ഭാവി
ക്കുമളവിൽ അവന്റെ സ്നേഹിതന്മാ
രിലൊരുവൻ അവയുടെ പേർ വായി
ച്ചുകേൾക്കണം എന്നു ഉച്ചത്തിൽ വി
ളിച്ചുപറഞ്ഞു. ചാൻസലർ മുന്നോട്ടു
മേശയുടെ അടുത്തുവന്നു പുസ്കങ്ങളു
ടെ പേർ വായിച്ചുകേൾപ്പിച്ചു. പുസ്ത
കങ്ങൾ താൻതന്നെ എഴുതീട്ടുള്ളത
ാണെന്നു ആദ്യം ലത്തീനിലും, പി
ന്നെ ജൎമ്മൻഭാഷയിലും മറുപടി പ
റഞ്ഞു. രണ്ടാംചോദ്യത്തിന് ഉത്തരം പ
റവാൻ ലൂഥർ കൂടുതൽ അവസരം ആ
വശ്യപ്പെട്ടു. പൊതുവിൽ ആലോചി
ച്ചശേഷം മറുപടി അടുത്ത ദിവസ
മതി എന്നു സഭ തീരുമാനിച്ചു. പി
റെറദിവസം രാവിലെ ലൂഥർ ഉൽക
ണ്ഠയോടുകൂടി പ്രാൎത്ഥിക്കയും ദൈവ
ചനം വായിക്കയും തന്റെ എഴുത്തു
ൾ പരിശോധിക്കയും രണ്ടാംചോ
ത്തിന് ഒരു യുക്തമായ മറുപടി
യാറാക്കാൻ ശ്രമിക്കയും ചെയ്തു.
വിൽ തുറന്നുകിടന്ന വേദപുസ്തകത്തി
ന്റെ മീതെ തന്റെ ഇടതുകൈ
ച്ചുകൊണ്ടും മററതിനെ സ്വൎഗ്ഗ

ക്ക്. ഉയൎത്തിക്കൊണ്ടും സുവിശേഷത്തോടു പററിനില്ക്കുന്നതിനും സ്വന്തരക്തംകൊണ്ടു തന്റെ മനസ്സാക്ഷിബോധത്തിനു മുദ്രയിടേണ്ടിവന്നാലും തന്റെ വിശ്വാസത്തെ പരസ്യമായി പ്രസ്താവിക്കതന്നെ ചെയ്യുന്നതിനും ആ ധീരപുരുഷൻ പ്രതിജ്ഞചെയ്തു. ഇതു ചെയ്തശേഷം അവന്റെ ആത്മാവിൽ സന്തോഷസമാധാനങ്ങളുടെ സമൃദ്ധി ഉണ്ടായി.

നാലുമണിക്കു ലൂഥറിനെ വിസ്താരസഭയിലേക്കു കൊണ്ടുചെല്ലുവാൻ ദൂതർ വന്നു. രണ്ടു മണിക്കൂറോളം ജനത്തിരക്കിൽ കഴിഞ്ഞശേഷം അവൻ അകത്തു കടന്നു. അപ്പോൾ നേരം ഇരുട്ടുതുടങ്ങിയതിനാൽ ഹാളിൽ വിളക്കുകൾ കത്തിച്ചു. ലൂഥർ ശാന്തതയോടും ധൈൎയ്യത്തോടുംകൂടി വീണ്ടും ചക്രവൎത്തിയുടെ മുൻപിൽ നിലയായി.

അനന്തരം ചാൻസലർ ആദ്യം ലത്തീനിലും പിന്നെ ജൎമ്മൻ ഭാഷയിലും ചോദിച്ചു. "നിന്റെ എഴുത്തുകളിൽ ഉള്ളതെല്ലാം സ്ഥാപിക്കുവാൻ നീ ഒരുങ്ങിയിരിക്കുന്നുവൊ? അതൊ അതിൽ വല്ല ഭാഗമെങ്കിലും പിൻവലിപ്പാൻ നീ ഇച്ഛിക്കുന്നുവൊ?"

ഈ ചോദ്യത്തിനു ലൂഥർ സധൈൎയ്യം മറുപടി പറഞ്ഞു:—

"ചക്രവൎത്തി തിരുമനസ്സുകൊണ്ടും ബഹുമാനപ്പെട്ട പ്രഭുക്കന്മാരും സ്പഷ്ടവും ലളിതവുമായ ഒരു ഉത്തരം എന്നോടു ആവശ്യപ്പെട്ടതുകൊണ്ടു താഴെവരും പ്രകാരം ഞാൻ മറുപടി പറഞ്ഞുകൊള്ളുന്നു. എന്റെ വിശ്വാസത്തെ പാപ്പായ്ക്കോ ആലോചനാസംഘങ്ങൾക്കൊ കീഴ്പ്പെടുത്തി കൊടുപ്പാൻ എനിക്കു കഴികയില്ല. കാരണം അവർ കൂടക്കൂടെ തെററുകളിൽ എന്നു മാത്രമല്ല, കേവലം സ്പഷ്ടങ്ങളായ അബദ്ധങ്ങളിൽ കൂടിയും വീണിട്ടുണ്ടെന്നുള്ളതു പട്ടാപ്പകൽപോലെ തെളിഞ്ഞിരിക്കുന്നതാണ്. അതുകൊണ്ടു വിശുദ്ധ വേദവാക്യങ്ങളിൽ നിന്നുള്ള തെളിവിനാലൊ അഖണ്ഡ്യമായ ന്യായങ്ങളാലൊ എനിക്കു ബോധം വരുത്താത്തപക്ഷം, ഞാൻ കാണിച്ച വചനങ്ങളാൽതന്നെ, എനിക്കു തൃപ്തിവരുത്താത്തപക്ഷം, എന്നുമാത്രമല്ല എന്റെ ന്യായബുദ്ധി ഈവണ്ണം, ദൈവവചനത്തിനു നിങ്ങൾ കീഴ്പെടുത്താത്തപക്ഷം യാതൊന്നും പിൻവലിപ്പാൻ എനിക്കു കഴിവില്ല, മനസ്സുമില്ല. തന്റെ മനസ്സാക്ഷിക്കെതിരായി സംസാരിക്ക എന്നുള്ളതു ഒരു ക്രിസ്ത്യാനിക്കു അശേഷം ശരിയായിട്ടുള്ളതല്ലല്ലൊ."

അനന്തരം താൻ ആരുടെ മുൻപാകെ നില്ക്കുന്നുവൊ ഏതൊരുവന്റെ കയ്യിൽ തന്റെ ജീവനും മരണവും ഇരിക്കുന്നുവൊ ആ വിസ്താരസഭയെ നോക്കിക്കൊണ്ടു അവൻ പറഞ്ഞു:—* "ഇതാ! ഞാൻ നില്ക്കുന്നു, എനിക്കു മറിച്ചു ചെയ്വാൻ കഴികയില്ല. ദൈവം എന്നെ സഹായിക്കട്ടെ! ആമേൻ."

വിസ്താരസഭ വിസ്മയംകൊണ്ടു സ്തബ്ധമായി. പ്രഭുക്കന്മാരിൽ അനേകൎക്കു തങ്ങളുടെ ആശ്ചൎയ്യസന്തോഷങ്ങളെ നിഗ്രഹം ചെയ്വാൻ കഴിഞ്ഞില്ല. ഈ സന്യാസി നിർഭയമായും ഉൽക്കടധൈൎയ്യത്തോടുകൂടിയും സംസാരിക്കുന്നുവല്ലൊ എന്നു ചക്രവൎത്തിയും പറഞ്ഞു.

* "Here I stand, I cannot do otherwise, God help me! Amen

ചാൻസലർ പിന്നെയും വചിച്ചു:— "നീ പിൻവലിക്കയില്ലെങ്കിൽ (വിസ്താരസഭയെ നോക്കിക്കൊണ്ടു) ചക്രവർത്തിയും സംസ്ഥാനാധിപന്മാരും ശാഠ്യവാദിയായ ഒരു മതവിപരീതിയോട്ട് ചെയ്യേണ്ടതെന്താണെന്ന് ആലോചിച്ചുകൊള്ളും." ഈ വാക്കിൽ ലൂഥറിന്റെ സ്നേഹിതന്മാർ ഭ്രമിച്ചു. ലൂഥർ ഉടനെ പറഞ്ഞു:— "ദൈവം എന്റെ സഹായിയായിരിക്കട്ടെ. എനിക്ക യാതൊന്നും പിൻവലിക്കാൻ കഴികയില്ല."

ലൂഥർ സഭാമന്ദിരത്തിന്ന പുറത്തു കൊണ്ടുപോകപ്പെടുകയും മീറ്റുകാർ കരണീയമെന്തെന്നു ആലോചിക്കയും ചെയ്തു. വീണ്ടും അകത്തേക്ക വിളിച്ച ശേഷം ചാൻസലർ ലൂഥറിനോട്ട് പറഞ്ഞതാവിതു:— "മാർട്ടിനേ! നിന്റെ സ്ഥിതിക്കനുസരിച്ചുള്ള വിനയത്തോടുകൂടിയല്ല നീ സംസാരിച്ചതു. കോൺസ്റ്റാൻസിലെ പൊതുസുന്നഹദോസിനാൽ ശപിക്കപ്പെട്ടിരിക്കുന്ന മതവിപരീതങ്ങളെ അത്രേ നീ പുനർജീവിപ്പിച്ചുകൊണ്ടുവരുന്നതു. അതിനാൽ വേദവാക്യങ്ങൾകൊണ്ട് അവയെ നിരാകരിക്കണമെന്ന് ആവശ്യപ്പെടുന്നതബദ്ധമാണ്. തന്നിമിത്തം നീ പുലർത്തിക്കൊണ്ടുവന്ന അഭിപ്രായങ്ങളെ ഇപ്പോഴും സ്ഥാപിക്കാൻ വിചാരിക്കുന്നോ? അല്ലാത്തപക്ഷം അതിലേതെങ്കിലും ഭാഗത്തെ പിൻവലിക്കാൻ ഇച്ഛിക്കുന്നോ? എന്നീ ചോദ്യങ്ങൾക്ക് കേവലം അതേ എന്നോ അല്ലെങ്കിൽ ഇല്ല എന്നോ മറുപടി പറവാൻ ചക്രവർത്തി നിന്നോടു ആജ്ഞാപിക്കുന്നു."

"ഞാൻ മുൻപു പറഞ്ഞതല്ലാതെ വേറൊരു മറുപടി പറവാൻ എനിക്കില്ല." എന്ന് ലൂഥർ ശാന്തമായി ഉത്തരം പറഞ്ഞു.

ചാരത്തും സഭാവാസികളും ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേററു. ചക്രവർത്തിയുടെ തീരുമാനാവധി കേൾപ്പാൻ നാളെ രാവിലെ വീണ്ടും സഭ കൂടുന്നതാണെന്നു ചാൻസലർ പ്രഖ്യാപനം ചെയ്തു.

പ്രഭുക്കന്മാരുടെ ഉള്ളിൽ ശക്തിമത്തായ വിചാരങ്ങൾ പതിഞ്ഞു. അനേകർ ലൂഥറിന്റെ പക്ഷത്തുചേർന്നു. ഇത്ര യോഗ്യനായ ഒരാളിനെ തന്റെ സംരക്ഷണത്തിൻകീഴ് കിട്ടിയതുകൊണ്ട് സാക്സണിയിലെ ഇലക്ടർ അഭിമാനചിത്തനായി.

രാത്രിസമയമാണല്ലോ. ലൂഥർ തിരികെ തന്റെ ഹോട്ടലിലേക്ക് കൊണ്ടുപോകപ്പെട്ടു. രണ്ടുദ്യോഗസ്ഥന്മാരോടുകൂടി അവൻ തെരുവീഥിയിൽകൂടി പോകുമ്പോൾ ചില സ്നേഹിതന്മാർ അവനെ കാരാഗൃഹത്തിലേക്ക കൊണ്ടുപോകയാണോ? എന്നു ചോദിച്ചതിന് അവർ എന്നെ എന്റെ താമസസ്ഥലത്തേക്ക കൊണ്ടുപോകയാണ് എന്നു ലൂഥർ തന്നെ മറുപടി പറഞ്ഞു.

ലൂഥർ ഹോട്ടലിൽ തിരിച്ചെത്തി, ഒന്നു വിശ്രമിക്കണമെന്ന് അവൻ ആഗ്രഹിച്ചു. സ്പലററിനും മററു സ്നേഹിതന്മാരും ദൈവത്തെ സ്തുതിച്ചുകൊണ്ട് അവന്റെ ചുററും നിന്നു. അവർ സംഭാഷിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വെള്ളിപ്പാത്രത്തിൽ രസകരമായ ഒരു പാനീയവും എടുത്തുകൊണ്ട് ഒരു വേലക്കാരൻ അകത്തു കടന്നിട്ട് നിങ്ങൾ ഇതു കുടിച്ച് ആശ്വസിക്കണമെന്നു എന്റെ യജമാനൻ ഇച്ഛിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അതു ലൂഥറിനു കൊടുത്തു.

അതു ദയവായി എന്നെ ഓർക്കുന്ന പ്രഭു ആര് എന്നു ലൂഥർ ചോദിച്ചു.

അതു് വയോധികനായ ബ്രൺസ്വിക്കിലെ ഏറിക്ക്പ്രഭു എന്ന പ്രത്യുക്തി ണ്ടായി.

അതു പാനം ചെയ്തശേഷം ലൂഥർ പറഞ്ഞു:...ഏറിക് പ്രഭു ഈ ദിവസം എന്നെ ഓർത്തതുകൊണ്ടു് അദ്ദേഹത്തിന്റെ അന്ത്യപോരാട്ടനാഴികയിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവും അദ്ദേഹത്തെ ഓർക്കുമാറാകട്ടെ.

ഭൃത്യൻ യജമാനനോടു ചെന്നു വിവരം അറിയിച്ചു. ആ പ്രഭു മരിക്കുമ്പോൾ തന്റെ കിടക്കയുടെ അരികെ നിന്നിരുന്ന ഒരു ചെറുപ്പക്കാരനായ ഭൃത്യനോടു വേദപുസ്തകം എടുത്തു് എന്നെ വായിച്ചു കേൾപ്പിക്ക എന്നു പറഞ്ഞു. ആ ചെറുപ്പക്കാരൻ കർത്താവു പറഞ്ഞ ഒരു വചനം എടുത്തു വായിച്ചു. ആസന്നമരണനായ ആ വയോധികനു് അതു വളരെ ആശ്വാസമായി. അവൻ വായിച്ച വചനമായിതു്:- "ഈ ചെറിയവരിൽ ഒരുത്തനു് എന്റെ നാമത്തിൽ ഒരു പാനപാത്രം തണ്ണീർ കൊടുത്താൽ അവനു് ഒരു പ്രകാരത്തിലും തന്റെ പ്രതിഫലം കിട്ടാതെപോകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു."

ചക്രവർത്തിക്കു് ലൂഥറിന്റെ യോഗ്യതയും പരമാർത്ഥതയും നല്ലവണ്ണം ബോധ്യമായി എന്നുവരികിലും പാപ്പയ്ക്കു് അനുകൂലമായിട്ടല്ലാതെ വിധി പുറപ്പെടുവിക്കാൻകഴിവില്ലായിരുന്നു. പാപ്പയുടെ പ്രസാദത്തെ ഇച്ഛിച്ചുകൊണ്ടു് എഴുതിയ ഒരു വിധി സഭയിൽ വായിക്കയുണ്ടായി. ഈ വിധി ലൂഥറിനും നവീകരണോപദേശങ്ങൾക്കും എതിരായിരുന്നു. അതു മുഖാന്തരം ഈ പുതിയ പ്രോത്സാഹനങ്ങളെ അമർത്തിക്കളയാമെന്നു് റോമാസഭ വിചാരിച്ചു എങ്കിലും ജർമ്മനിയിലെ പ്രഭുക്കന്മാരുടെ തീക്ഷ്ണസ്വഭാവത്താൽ രാജകല്പന നടപ്പിൽ വരുന്നതിനിടയായില്ല. "വെള്ളം കവിഞ്ഞു കരതല്ലി മറിച്ചിടുമ്പോൾ ഉള്ളല്പ നല്ല ചിറകൊണ്ടു തടുപ്പതാമോ?" എന്നുള്ളതു ദൈവനിർണ്ണയങ്ങളെ സംബന്ധിച്ചിടത്തോളം വിശിഷ്യ സ്മരണീയമാണല്ലോ.

പാപ്പയുടെ കക്ഷിക്കാരിൽ പലർ ലൂഥറിനു് അനുവദിച്ചിട്ടുള്ള അഭയദാനത്തെ റദ്ദ് ചെയ്യണമെന്നും അവന്റെ ചാരം റൈൻ നദിയിൽ വിതറിക്കളയണമെന്നും മുറവിളികൂട്ടി. എങ്കിലും അഭയദാനം പിൻവലിക്കുന്നപക്ഷം ജർമ്മനിയിലെ പ്രഭുക്കന്മാർ സഹിക്കയില്ലെന്നും നമ്മുടെ പുതിയ ചക്രവർത്തി അഗ്രാസനം വഹിച്ച ഈ ആദ്യത്തെ സഭ ലജ്ജാവഹമായ പ്രസ്തുത നടപടിയാൽ മലിനീകരിച്ചുകൂടെന്നും ഈ വിധമായ വിശ്വാസവഞ്ചനം ജർമ്മൻ ജാതിയുടെ പുരാതന വിശ്വസ്തതയ്ക്കു യോജിക്കുന്നതല്ലെന്നും ചെലള്ളുപ്രഭു അഭിപ്രായപ്പെട്ടു.

ലൂഥറിനെക്കൊണ്ടു് അവന്റെ അ[illegible] ഭിപ്രായങ്ങൾ പിൻവലിപ്പിക്കുവാൻ യാഥാസ്ഥിതികന്മാർ ഒരിക്കൽകൂടി ശ്ര[illegible] മിച്ചുനോക്കി. ഇതു് ലൂഥറിന്റെ ചെ[illegible] തിൽ വളരെ പ്രതിപത്തിയുണ്ടായിരു[illegible] ന്ന പ്രഭുക്കന്മാരുടെയും ട്രീവ്സിലെ[illegible] ആർച്ച്ബിഷപ്പിന്റെയും ഉത്സാഹത്തി[illegible] ലായിരുന്നു. എങ്കിലും തന്നെപ്പറ്റിയു[illegible] ള്ള അവരുടെ കരുതലിനും സ്നേഹത്തി[illegible] നും വേണ്ടി അവർക്കു നന്ദിപറകയും ദൈവവചനത്തെ ഉപേക്ഷിക്കുന്നതി[illegible] നേക്കാൾ തന്റെ ജീവനെ നഷ്ടപ്പെ[illegible] ടുത്തുന്നതിനാണു് താൻ ഒരുക്കമായിരി[illegible] ക്കുന്നതു് എന്നു് സ്ഥിരമാനസനായി അവരുടെ മുൻപാകെ സാക്ഷിക്കയും ചെയ്തതല്ലാതെ ലൂഥർ താൻ നിൽ[illegible]

ബിന്ദുവിൽ നിന്നു കുടുകളവു മാറു
യുണ്ടായില്ല.
ഈ അന്ത്യപരീക്ഷയും നിഷ്ഫലമാ
കലാശിച്ചപ്പോൾ ചക്രവർത്തി കേ
കോപിച്ച് ലൂഥർ സ്വദേശത്തേക്ക
യക്കുന്നതിനു ൨൧ ദിവസം അനുവദി
ക്കുകയും പോകുംവഴിക്ക് പ്രസംഗിക്ക
യോ എഴുതുകയോ ചെയ്ത് ജനങ്ങ
ളുടെ സമാധാനത്തിനു ഭംഗം വരു
ത്തിക്കൂടെന്നു ചട്ടംകെട്ടുകയും ചെയ്തു.
ലൂഥറിന്റെ വീട്ടിലേക്കുള്ള യാത്ര
യിൽ തന്റെ ഒരു സ്നേഹിതനും ചിത്ര
മെഴുത്തുകാരനുമായ ലൂക്കാസ് ക്രാനാ
ക്കിന്റെ വേർമ്സിലെ നടപടികളെ
റിച്ച് അവൻ ഒരു ചുരുങ്ങിയ വൃത്താ
ന്തം എഴുതിഅയച്ചു. അത് ഈ വിധ
മായിരുന്നു: "സന്യാസികളെ ശരിയായ
ബോധം വരുത്തുവാൻ അൻപതു വേദ
ശാസ്ത്രികളെ രാജാവ് ഒരുമിച്ചു കൂട്ടുമെ
ന്നു ഞാൻ ആശിച്ചിരുന്നു. എന്നാൽ
സമയത്തു തഥൈവ. ഈ പുസ്തകങ്ങ
ളും നീ എഴുതിയോ എന്നു ചോദ്യം.
എഴുതിയെന്നുത്തരം. അവയെ പിൻ
വലിക്കുമോ എന്നു രണ്ടാമതു ചോദ്യം.
ഇല്ല എന്നു മറുപടി. കൊള്ളാം പൊ
യ്ക്കോൾക എന്ന് അതിനുശേഷം. ക
ഥയെല്ലാം കൂടി ഇത്രമാത്രമേയുള്ളൂ."

## പരിശുദ്ധാത്മസ്നാനം.

(ഇ. എച്ച്. നോയൽ)

തിരുവെഴുത്തുകളെ നമ്മുടെ വഴികാ
ട്ടിയായി സ്വീകരിക്കുന്നതുകൊണ്ടു നാം
തൃപ്തിപ്പെടുമെങ്കിൽ പുതിയ നിയമ
ത്തിൽ ആരെങ്കിലും രണ്ടാം പരി
ശുദ്ധാത്മസ്നാനം ലഭിച്ചതായോ, ഏതെ
ങ്കിലും ഒരാൾ തേടിച്ചു ഒരുഭാഷ പ
റഞ്ഞതായോ യാതൊരു ഉപദേശവും
ഇല്ലെന്നു കാണുന്നതും തദ്വാരാ ന
മ്മുടെ പ്രയാസങ്ങൾ നിശ്ശേഷം നീങ്ങി
പ്പോകുന്നതുമായിരിക്കും. വ്യക്തിപരമാ
യ പരിശുദ്ധാത്മസ്നാനം വചനത്തി
ന്റെ യാതൊരു താങ്ങുംകൂടാതെയുള്ള
പ്രകൃതമനുഷ്യന്റെ കണ്ടുപിടിത്തമാ
ണ്. പരിശുദ്ധാത്മസ്നാനം പ്രവൃത്തിക
ളുടെ പുസ്തകത്തിൽ കാണുംവണ്ണം സ
ഭായുഗത്തിന്റെ പ്രാരംഭകാലത്തിലായി
ൽ ഒരിക്കലായി സംഭവിച്ചിട്ടുള്ളതാകു
ന്നു. കർത്താവു തന്റെ അപ്പോസ്തല
ന്മാരോടു പറഞ്ഞ വചനം ലൂക്കോ.
24: 49-ൽ ഉണ്ട്. "എന്റെ പിതാ
വു വാഗ്ദത്തം ചെയ്തതിനെ ഞാൻ നി
ങ്ങളുടെമേൽ അയയ്ക്കും. നിങ്ങളോ ഉയ
രത്തിൽനിന്നു ശക്തി ധരിക്കുവോളം ന
ഗരത്തിൽ പാർപ്പിൻ" കൂടാതെ പ്രവൃ.
1: 8-ൽ കാണുന്നതാവിതു:- "എന്നാ
ൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ
വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചി
ട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലാ
ടത്തും ശമര്യയിലും ഭൂമിയുടെ അറ്റ
ത്തോളവും എന്റെ സാക്ഷികളാകും."
എന്നാൽ ഈ കർത്തൃ ശിഷ്യന്മാർ വീ
ണ്ടും ജനിച്ചവരും ആത്മാവു ലഭിച്ചവ
രുമായിരുന്നു. കർത്താവ് ഉയിർത്തെഴുന്നേ
റ്റശേഷം അവരുടെ മേൽ ഊതി പരി
ശുദ്ധാത്മാവിനെ കൈക്കൊൾവിൻ
എന്ന് അവരോടു പറഞ്ഞതായി നാം
വായിക്കുന്നു. യോഹ. 20: 22 പരിശു
ദ്ധാത്മസ്നാനമെന്നല്ലത് പരിശുദ്ധാ
ത്മാവിനെ കൈക്കൊൾക മാത്രം ചെ
യ്യുന്നതിനെക്കാൾ കൂടുതലായ എന്തോ

ഒന്നാണെന്നു കാണ്മാൻ ഈ വാക്യം നമുക്കു മതിയായ പ്രമാണമാകുന്നു. പരിശുദ്ധാത്മസ്നാനമെന്നതു സഭയുടെ സൃഷ്ടിയത്രേ. കാരണം, പെന്തിക്കോസ്തു യഥാർത്ഥത്തിൽ സഭയുടെ ജന്മദിവസമായിരുന്നു. അന്നു പുനർജ്ജാതന്മാർ ആത്മനിറവു ലഭിച്ച വിശ്വാസികളായി ഒരു ശരീരമാകുമാറു രൂപവൽകരിക്കപ്പെട്ടു. സീനായിൽവെച്ചു ദൈവം ഒരു ജാതിയെ വേർതിരിക്കയുണ്ടായി. ദൈവവെളിപാടുകൾ അവരെ ഏറ്റം പിടിച്ചു. ആ മഹാസന്ദർഭത്തിൽ പർവ്വതം അഗ്നികൊണ്ടു കത്തുകയും കാഹളം ധ്വനിക്കയും ദൈവസൂക്തങ്ങൾ ഉച്ചരിക്കപ്പെടുകയും ചെയ്തു. എബ്രാ. 12: 18, 19. എന്നാൽ സീനായ്ക്കു അതു തമ്മാലെ ചെയ്യാനോ തേജസ്സിൽ കവിഞ്ഞ ശുശ്രൂഷയോടു ഉപമിക്കപ്പെടുവാനോ യോഗ്യതയുണ്ടായിരുന്നില്ല. 2 കൊരി. 3: 6—11. ഈ ശുശ്രൂഷ അഥവാ ഈ ഘട്ടം പെന്തിക്കോസ്തിൽ വെളിപ്പെട്ടു. അന്നു സഭയെ വേർപെടുത്തുകയും അഗ്നിനാവുകളുടെ പ്രത്യക്ഷതയോടും അത്ഭുതാശ്ചര്യങ്ങളോടുംകൂടി സംഘടിപ്പിക്കപ്പെടുകയും ചെയ്തു. മനുഷ്യവശത്തുനിന്നു നോക്കിയാൽ ഇസ്രായേൽ ഒരു നിർദ്ദിഷ്ട ജനസംഘമായിരുന്നതുപോലെതന്നെ സഭയും ഒരു പാവപ്പെട്ട സ്ഥാപനമായി തോന്നാകുന്നതാണ്. എന്നാൽ ദൈവദൃഷ്ടിയിൽ ഇസ്രായേലാകട്ടെ, ലോകമാകട്ടെ അറിയാത്തതും ശ്രേഷ്ഠവുമായ ഒരു ഭൗമിക മഹിമ സഭയ്ക്കു വരേണ്ടതായുണ്ട്. സഭയുടെ ഭാവി എഫേസ്യലേഖനത്തിൽ കാണിച്ചിട്ടുള്ള പ്രകാരം അധികം മഹത്വമുള്ളതോ പക്ഷെ മനുഷ്യൻ വെളിപ്പെട്ടിട്ടുള്ള സമസ്ത ദൈവോദ്ദേശങ്ങളിലുംവെച്ചു അത്യത്ഭുതകരമോ ആകുന്നു. പെന്തിക്കോസ്തു ദിവസത്തിൽ പ്രസ്തുത സഭയിലേക്കുള്ള പ്രവേശനകർമ്മം പരിശുദ്ധാത്മസ്നാനമായിരുന്നു. അതു രൂപവൽക്കരണത്തിന്റെ കർമ്മവുമായിരുന്നു. പ്രവൃ. 8-ൽ വിശ്വസിച്ച ശമര്യക്കാരെ സഭയിലേക്കു കൊണ്ടുവരുന്നതിനും, പ്രവൃ. 10-ൽ, ജാതികൾക്കു പ്രവേശനം കൊടുക്കുന്നതിനും, പ്രവൃ. 19-ൽ യോഹന്നാന്റെ വിശ്വാസികളായ ശിഷ്യന്മാരെ ചേർക്കുന്നതിനും, ഈ സ്നാനം കൊടുക്കപ്പെട്ടു എന്നുള്ളതു സത്യമാകുന്നു. ഈവിധം നാലു സ്ഥലങ്ങളിൽ ആത്മസ്നാനം നല്കപ്പെട്ടതു നാലു വകുപ്പുകൾ ഉണ്ടാകുന്നതിനായിട്ടല്ല, പിന്നെയോ "ആത്മാവിന്റെ ഐക്യ"ത്തിൽ ഒരു സഭ നിർമ്മിക്കപ്പെടുവാനത്രെ. മേൽപറഞ്ഞപോലെ അന്ത്യകാലങ്ങളിൽ പരിശുദ്ധാത്മസ്നാനം അഥവാ മുഴുകൽ ഉണ്ടാകുമെന്നു പറയുന്നതു ക്രിസ്തു വീണ്ടും ക്രൂശിക്കപ്പെടുകയും സഭ പുനരായി സൃഷ്ടിക്കപ്പെടുകയും ചെയ്യണമെന്നു പറയുന്നതുപോലെയാണ്. ഒരു കർത്താവു; ഒരു വിശ്വാസം; ഒരു സ്നാനം എല്ലാം ഒരൊറ്റമാത്രം. "കാരണം ആത്മാവിനാൽ നാം എല്ലാവരും ഏകശരീരമാകുമാറു സ്നാനപ്പെട്ടിരിക്കുന്നു." രക്ഷിക്കപ്പെടുന്നവരെയാണു ദിനംപ്രതി ഈ സഭയോടു ചേർത്തിട്ടുള്ളതു. ശേഷമുള്ളവരിൽ ആരും അവരോടു ചേരുവാൻ തുനിഞ്ഞില്ല. (പരിശുദ്ധാത്മാഭിഷേകമെന്നുള്ളതു ഇതിൽനിന്നു വ്യത്യസ്തമായ ഒന്നത്രെ. അതിനെക്കുറിച്ചു പിന്നീടു പറവാൻ വിചാരിക്കുന്നു.) പെന്തിക്കോസ്തിൽ ആത്മസ്നാനം കഴിഞ്ഞു പത്രൊസ് പ്രസംഗിച്ചപ്പോൾ നിങ്ങൾക്കു പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും എന്നു പറകയുണ്ടായി. പ്രവൃ. 2: 3, 8. പൗലൊ

സ് മനസ്സ് തിരിഞ്ഞപ്പോൾ അവൻ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടണമെന്ന് അനന്യാസ് നിർബന്ധിച്ചതായി കാണുന്നില്ല. പ്രത്യുത, പരിശുദ്ധാത്മാവിനെ അംഗീകരിക്കണം, അതായതു പരിശുദ്ധാത്മാവിനാൽ നിറയപ്പെടണമെന്നു മാത്രം. [പ്രവൃ 9: 17] വ്യക്തിപരമായ ഒരു അംഗീകരണത്തെ പരിശുദ്ധാത്മാവിന്റെ മുഴുകൽ അഥവാ സ്നാനം എന്നു പറയുന്നതു് ഒരു വ്യവസ്ഥയെ അതിന്റെ പ്രത്യേകാർത്ഥത്തിൽനിന്നും തെറ്റിക്കയാണ്. ഒരു സത്യത്തെ തെറ്റായ പേർ പറഞ്ഞു വിളിക്കുന്നതു് പദപ്രയോഗത്തിനു വിപരീതമായിട്ടുള്ള ഒരു വലിയ തെറ്റല്ലായിരിക്കാം. എന്നാൽ പരിശുദ്ധാത്മാവിന്റെ സ്നാനത്തെ ഒരു ഭൗതികബഹളമാക്കുന്നതു് വാക്കുകളുടെ നേരെയുള്ള ഒരു കയ്യേറ്റം മാത്രമല്ല, പിന്നെയോ അടിസ്ഥാനത്തെ ബാധിക്കുന്ന ഒരു ഇടത്തട്ടുമാകുന്നു. ഈ ഭിന്നോപദേശത്തിനു് ദൈവസത്യത്തെക്കുറിച്ചും ക്രിസ്തീയ കൂട്ടായ്മയുടെ ശുദ്ധിയെക്കുറിച്ചും നിർബന്ധമുള്ള എല്ലാവരുടെയും ഇടയിൽനിന്ന് സ്വപക്ഷവാദികളെ ലഭിക്കുവാൻ കഴിയും. സഭായുഗത്തിന്റെ പ്രാരംഭത്തിൽ പരിശുദ്ധാത്മസ്നാനത്തോടുകൂടിയുണ്ടായ അത്ഭുതഭാഷയിൽനിന്നു നമുക്കു കിട്ടുന്ന തെളിവു് ആകാശത്തിൻകീഴുള്ള എല്ലാ ജാതികൾക്കും കൈമാററം ചെയ്യേണ്ട ദൈവവെളിപാടുകൾ സഭയ്ക്കു ഏല്പിക്കപ്പെട്ടു എന്നുള്ളതത്രേ. പ്രവൃ: 2: 5, 6 വാക്യങ്ങളിൽ പെന്തിക്കോസ്തുത്സവത്തിനായി, ആകാശത്തിൻ കീഴുള്ള സകല ജാതികളിൽനിന്നും ഭക്തിയുള്ള പുരുഷന്മാർ വന്നുകൂടിയിരുന്നു എന്നും പഠിപ്പില്ലാത്ത ശിഷ്യന്മാർ ഇവരുടെ സ്വന്തഭാഷകളിൽ സംസാരിക്കുന്നതു് അവർ കേട്ടുവെന്നും, ഇവരെല്ലാവരും ഗലീലക്കാരല്ലയോ എന്നു് അന്യോന്യം ചോദിച്ചുകൊണ്ടു [വാ: 7] ഭ്രമിച്ചു ചഞ്ചലിച്ചു എന്നും നാം വായിക്കുന്നു. പതിനേഴോ, പതിനെട്ടോ രാജ്യങ്ങളിൽനിന്നു ആളുകൾ അവിടെ ഉണ്ടായിരുന്നു. 11-ാം വാക്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:- "ഇവർ നമ്മുടെ ഭാഷകളിൽ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ" (തുടരും)

---

## വെളിപ്പാടുപുസ്തകം

### 5. യൂദരിൽനിന്നുള്ള ഒരു ശേഷിപ്പ്.

(വെളി. 12: 17)

സ്ത്രീയെ നശിപ്പിക്കുന്നതിനു ചെയ്ത ശ്രമത്തിൽ ഇളിഭ്യനായതു നിമിത്തം മഹാസർപ്പം കോപിച്ചു് അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു്, അതായതു പലസ്തീനിലും ജാതികളുടെ ഇടയിലും ശേഷിച്ചു കിടക്കുന്നവരായി ദൈവകല്പനപ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായവരോടു് യുദ്ധം ചെയ്യും. ഇതിലേക്കത്രേ തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും മൃഗത്തിനു് (അന്തിക്രിസ്തുവിനു്) അവൻ കൊടുക്കുന്നതു്. വെളി: 3: 2.

സ്ത്രീ ക്രിസ്തീയ സഭയാണ്. ഇസ്രായേൽ അല്ലെന്നുള്ളതിനു് ഇവിടെ സ്വല്പം അകന്ന ഒരു തെളിവുണ്ടു്. എ

ന്നാൽ നാം എടുത്തു കൊള്ളപ്പെട്ടമ്പോഴും സഭയുടെ യാതൊരംഗവും ബാക്കിയാകയില്ല. കാരണം, ക്രിസ്തുവിലുള്ള എല്ലാവരും എടുത്തു കൊള്ളപ്പെട്ടും. എന്നാൽ സ്ത്രീ (ഇസ്രായേൽ) മരുഭൂമിയിലേക്ക് ഓടിപ്പോകുമ്പോഴും പിന്നിൽ ഒരു ബാക്കി ശേഷിക്കുന്നു. ഈ ബാക്കിയിൽ രണ്ടിനക്കാരുണ്ട്. ഒന്ന് ദൈവകല്പന പ്രമാണിക്കുന്നവർ, അതായതു പഴയനിയമത്തിലെ ചട്ടങ്ങൾ ആചരിക്കുന്നവർ; രണ്ടാമതു യേശുക്രിസ്തുവിന്റെ സാക്ഷ്യം കൈക്കൊള്ളുന്നവർ, അതായതു യേശുവിനെ തങ്ങളുടെ വാഗ്ദത്തമശിഹായായി അംഗീകരിക്കുന്നവർ. ഇതിൽ ഒടുവിലത്തെ ഭാഗക്കാർ രണ്ടു സാക്ഷികളുടെ രാജ്യസുവിശേഷപ്രസംഗം കേട്ടു മനസ്സു തിരിഞ്ഞവരായിരിക്കും. മൃഗത്തിന്റെ പ്രതിമയുടെ മുൻപാകെ മുട്ടുകുത്തി ആരാധിക്കാത്ത ഇസ്രായേലിന് അതു പരിശോധനാകാലമാണ്. അവർക്കു വിരോധമായി അന്തിക്രിസ്തു നടത്തുന്നപോർ മനസ്സലിവില്ലാത്ത ഒരു പീഢാസമരമായിരിക്കും. തൽഫലമായി അവരിൽ ആയിരങ്ങൾ രക്തസാക്ഷി മരണം മരിക്കും.

6. കടലിൽ നിന്നുള്ള മൃഗം:

ദൈവദ്വേഷിയായ മഹാസർപ്പം മൃഗത്തിൽ അഥവാ അന്തിക്രിസ്തുവിൽ അവതരിക്കുന്നതു്.

വെളി. 1൩: 1—10.

അനന്തരം യോഹന്നാൻ, മഹാസർപ്പം കടല്ക്കരയിൽ നില്ക്കുന്നതു കണ്ടു. അപ്പോൾ ഏഴു തലയും പത്തു കൊമ്പും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളുമുള്ള ഒരു മൃഗം കടലിൽ നിന്നു കയറി. അതിന്റെ ഉടൽ പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽ പോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. മഹാസർപ്പം അതിന്നു ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. മഹാസർപ്പം സ്വന്ത സിംഹാസനം കൊടുത്തു എന്നു് ഇതിന്നു് അർത്ഥമില്ല. പിന്നെയോ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു എന്നേ പറയുന്നുള്ളു. പ്രവചനത്തിൽ കടൽ ജാതികളെ കുറിക്കുന്നുവെങ്കിലും യോഹന്നാൻ പത്മോസ് ദ്വീപിലായിരുന്നപ്പോൾ മൃഗം കയറിവന്നതായി കണ്ട കടൽ പക്ഷേ, മെഡിറ്ററേനിയൻ സമുദ്രമായിരിക്കാം.

ഈ മിശ്രമൃഗം എന്തിനെയാണു കുറിക്കുന്നതു്? കടലിൽനിന്നു് ഒരു മൃഗം കരേറി വരുന്നതായി തിരുവെഴുത്തുകളിൽ ആദ്യമായിട്ടല്ല നാം വായിക്കുന്നതു്. ദാനിയേലിന്റെ പുസ്തകത്തിലേക്കു നാം പോകണം. ദാനിയേൽ ഒരു മന്ത്രിയും പ്രധാനഉദ്യോഗത്തിൽ പ്രവേശിക്കാത്തവനുമായിരുന്നപ്പോൾ അവനു പ്രവാചകവരം ഉണ്ടായിരുന്നു. അവൻ ഒരു സ്വപ്നവ്യാഖ്യാതാവു മാത്രമല്ല, ഒരു പ്രവാചകൻ കൂടിയായിരുന്നു. ജാതികളുടെ മുഴുകാലങ്ങളും അവരുടെ ഒടുവിലത്തെ വലിയ നേതാവായ അന്തിക്രിസ്തുവിന്റെ സ്വഭാവഗതികളും ദാനിയേലിനു വെളിപ്പെടുകയുണ്ടായി. അവന്റെ പ്രവചനം മുഖ്യമായി അവന്റെ ജനമാകുന്ന യഹൂദന്മാർക്കു അന്ത്യദിവസങ്ങളിൽ (ദാനി. 10: 14.) സംഭവിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചുള്ളതാണു്. ഇപ്പോൾ നാം അവസാനകാലത്തു്, അതായതു ദാനിയേലിന്റെ എഴുപതു് ആഴ്ചവട്ടങ്ങളിൽ എഴുപതാമത്തെ വാരത്തിൽ സംഭവിക്കാൻ പോകുന്ന കർമ്മങ്ങളോടു് ഇടപെടുന്നതിനാൽ മൃഗത്തെക്കുറിച്ചുള്ള ഈ സദൃ

ത്തിന്റെ വ്യക്തീകരണത്തിനായി ദാ
നിയേലിന്റെ പുസ്തകത്തിൽ കടന്നേ
ണ്ടതിയാവു. എന്നാൽ അതു നമ്മുടെ
ചിന്താവിഷയമാകുന്നതിനു മുമ്പ് പ
ഴയ നിയമവും പുതിയനിയമവും അ
ന്ത്യകാലങ്ങളിൽ വെളിപ്പെടുവാൻപോ
കുന്ന ദുഷ്ടമനുഷ്യനും ഭയങ്കരനുമായ ഒ
രു മൂർത്തിയെക്കുറിച്ചു പറയുന്നുണ്ടെന്നു
ള്ളതു മുഖ്യമായി ഗ്രഹിക്കേണ്ടതാകുന്നു.
പല പേരുകളാൽ ഇവൻ വിളിക്ക
പ്പെടുന്നതായി തിരുവചനത്തിൽനി
ന്നു കാണാം.

### പഴയ നിയമത്തിൽ

അസ്സീറിയൻ. യെശ. 10:5,6; 30:27-33.
ബാബിലോൻ രാജാവ്, യെശ. 14:4.
അരുണോദയപുത്രനായശുക്രൻ യെശ. 14: 12.
ചെറിയകൊമ്പ്. ദാനി. 7:8; 8:9-12
ഉഗ്രഭാവമുള്ള രാജാവ്, ദാനി. 8:23.
വരുവാനുള്ള പ്രഭു. ദാനി. 9: 26.
സ്വേച്ഛാവർത്തിയായ രാജാവ്, ദാനി. 11:36.

### പുതിയനിയമത്തിൽ

| | |
|---|---|
| അധർമ്മമൂർത്തി | 2 തെസ്സ. 2: 3-8 |
| നാശത്തിന്റെ പുത്രൻ | ,, |
| ആ ദുഷ്ടൻ (പഴയതർജ്ജമ) | ,, |
| എതിർക്രിസ്തു | 1 യോഹ. 2: 18 |
| മൃഗം | വെളി. 13: 1, 2. |

അവനെക്കുറിച്ചു യേശുവും പ്രവച
നരൂപമായി ഇങ്ങനെ പറയുന്നുണ്ട്. "ഞാ
ൻ എന്റെ പിതാവിന്റെ നാമത്തി
ൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ
കൈക്കൊള്ളുന്നില്ല; മറെറാരുത്തൻ
സ്വന്തനാമത്തിൽ വന്നാൽ അവനെ
നിങ്ങൾ കൈക്കൊള്ളും" യോഹ. 5:43

### ൧. യെശയ്യാവിന്റെ മുൻകാഴ്ച.

അന്തിക്രിസ്തുവിനെ യെശയ്യാപ്ര
വാചകൻ അസ്സീറിയൻ എന്ന നില
യിൽ കാണുന്നു. യെശ. 10: 5, 12,
24; 30: 27 — 33. മശിഹായെക്കുറി
ച്ചു സ്പഷ്ടമായി പറഞ്ഞിട്ടുള്ള യെശ
യ്യാ ൧൧-ാം അദ്ധ്യായം 4-ാംവാക്യത്തി
ൽ മശിഹാ ചെയ്യുന്ന മററു പ്രവൃത്തി
കളുടെ കൂട്ടത്തിൽ "തന്റെ വായ് എ
ന്ന വടികൊണ്ടു അവൻ ഭൂമിയെ അ
ടിക്കും; തന്റെ അധരങ്ങളുടെ ശ്വാ
സംകൊണ്ടു ദുഷ്ടനെ കൊല്ലും" എന്നു
പറഞ്ഞിരിക്കുന്നതായി വായിക്കുന്നു.
'ദുഷ്ടൻ' എന്നു ഇവിടെ തർജ്ജമചെ
യ്തിരിക്കുന്ന വാക്ക് ഏകവചനത്തിലാ
ണ്. ദുഷ്ടന്മാരെ പൊതുവെ സംബ
ന്ധിക്കയില്ല. പിന്നെയോ സ്പഷ്ടമ ദു
ഷ്ടനായ ഒരുവനെ അതുകാണിക്കുന്നു.
പൌലൊസ് 2 തെസ്സ. 2:8-ൽ പറയു
ന്നതിനോടു ഈ വാക്യം വളരെ യോജി
ക്കുന്നു. "അപ്പോൾ അധർമ്മമൂർത്തി വെ
ളിപ്പെട്ടുവരും, അവനെ കർത്താവായ
യേശു തന്റെ വായിലെ ശ്വാസത്താ
ൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ
പ്രഭാവത്താൽ നശിപ്പിക്കും." യെശയ്യാ
വും പൌലൊസും ഒരാളിനെക്കുറിച്ചുത
ന്നെ പറയുന്നതെന്നു ഇവിടെ കാണു
ന്നു. അതു അന്തിക്രിസ്തുവല്ലാതെ മ
റെറാരും ആയിരിപ്പാൻ പാടില്ല. യെശ.
൧൪-ൽ ൪—൨൩വരെയുള്ള വാക്യങ്ങ
ളിൽ ബാബിലോൻ രാജാവിനെക്കുറി
ച്ചുള്ള വിവരണം ഉണ്ട്. അവൻ വം
ശങ്ങളെ ക്രോധത്തോടെ അടിക്കയും ജാ
തികളെ കോപത്തോടു ഭരിക്കയും ചെ
യ്യും എന്നു അവിടെ പറഞ്ഞുകാണു
ന്നു. അവനെ "അരുണോദയപുത്രനായ
ശുക്രൻ" എന്നു വിളിക്കുന്നതു കൂടാതെ
അവന്റെ വീഴ്ചയെ വർണ്ണിച്ചിട്ടുമു
ണ്ട്. അവൻ ഷിയോൽ-അധോലോ
കത്തിലേക്കു തള്ളപ്പെട്ടിരിക്കുന്നു. അ
വനു മുൻപായി കടന്നുപോയ ഭൂരാജാ

ന്മാരുടെ ഇടയിൽ അവന്റെ ആഗ
നം ഒരു വലിയ ഇളക്കമുണ്ടാക്കുന്നു.
അവനെ കാണുമ്പോൾ ഉച്ചത്തിൽ
അവർ ഇങ്ങനെ പറയുന്നു: "നീയും
ഞങ്ങളെപ്പോലെ ബലഹീനനായോ?
നീയും ഞങ്ങൾക്കു തുല്യനായിത്തീർന്നു
വോ?.........ഭൂമിയെ നടുക്കുകയും രാ
ജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരു
ഭൂമിപോലെ ആക്കുകയും അതിലെ പ
ട്ടണങ്ങളെ ഇടിച്ചുകളകയും, തന്റെ
ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചുവിടാ
തിരിക്കയും ചെയ്യുവൻ ഇവനല്ലയോ?"
ഇവിടെ വർണ്ണിക്കുന്നവിധത്തിൽ ഒരു
രാജാവു് ബാബിലോനിൽ ഒരിക്കലും ഉ
ണ്ടായിട്ടില്ല. അതുകൊണ്ടു ബാബിലോ
ൻ വീണ്ടും പണിയിക്കപ്പെട്ടപ്പോൾ
അവിടെ വാഴുവാൻ പോകുന്ന ഒരു ഭാ
വി രാജാവിനെയാണു് അതു കുറിക്കു
ന്നതു്. ൧൨-മുതൽ ൧൪-വരെയുള്ള വാക്യ
ങ്ങൾ നിശ്ചയമായിട്ടും സാത്താനെ സം
ബന്ധിക്കുന്നു. അവന്റെ വീഴ്ചയ്ക്കുമുൻ
പുള്ള സ്ഥിതിയെയാണു് അവിടെ വ
ർണ്ണിക്കുന്നതു്. ബാബിലോന്റെ ഭാവി
രാജാവായിരിക്കേണ്ട അന്തിക്രിസ്തുവി
ൽ സാത്താൻ അവതരിക്കുന്നതിനാ
ൽ സാത്താന്റെ വീഴ്ചയെന്നപോ
ലെ അന്തിക്രിസ്തുവിന്റെ വീഴ്ച
യ്ക്കും കാരണമായ നിഗളത്തിന്റെയും
ധാർഷ്ട്യത്തിന്റെയും ഉല്പത്തിയെ അ
വർണ്ണന വിശദീകരിക്കയാണു്.

# ഗതസമനയിലെ ക്രിസ്തു

[കെ. എം. വറുഗീസ് — കാളേജ് വിദ്യാർത്ഥി.]

[തുടർച്ച]

27 മാലോടു വീഴ്ത്തിയ ചുടു മിഴിനീരിനാൽ തൻ-
ചേലാർന്ന തൂമുഖസരോരുഹമങ്ങുവാടി;
ശ്രീ ലാലസിച്ചധികസുന്ദരമായിരുന്നോ-
രാലോചനം പ്രതിഭ മങ്ങി വിവർണ്ണമായി.

28 കാറിൻനിറത്തിനു പരം ക്ലമമാം വളർത്തു-
മാറുള്ള വാർകുഴലഴിഞ്ഞു നിലത്തു ചിന്നി;
നീരാളമാർദ്രത കലർന്നു കിടന്നതങ്ങു
ഹാ! രേണുസങ്കുലമതിൽ പുനരേറ്റതപ്പോൾ

29 ആ പിഞ്ഛഭാസുരപുടം മദനംകണക്കെ
വേപിച്ചു; തൊണ്ട വരളുന്നൊരു മട്ടിലായി;
കൈകാൽകുഴഞ്ഞു; തിരുമേനി തളർന്നു; ശീർഷം
വൈകാതെ ഭാരപരിപൂരിതമായ് ചമഞ്ഞു!!

30 പാലോടിടഞ്ഞ നറുകെഴുമൂടി വാർന്നിരുന്ന-
ബാലേന്ദുവമ്പുമണിചോളിമമിട്ടുമൂടി;

സ്വർല്ലോകപാലസുതനെത്തിടുമാപദാർത്തി-
യെല്ലാമറിഞ്ഞു സഹിയാതെ മറഞ്ഞിതോവാൻ?

31 വിണ്ണായ വേദിയിലിരുന്നമരാളികൾക്കും
കണ്ണീർകണങ്ങൾ ഹിമബിന്ദു പൊഴിഞ്ഞിതപ്പോൾ
മണ്ണിൽ തദപ്രകടമെന്നതുമാത്രമല്ല
തിണ്ണം ലതാനികരവും കദനം കലർന്നു!!

32 ആരാമസീമനി പറന്നു കളിച്ചു നേരത്താ-
രാരാവമോടുപരിപാടിയ കോകിലങ്ങൾ
പാരാതെ ഗീതിയതുപോലു നിവൃത്തി; "ശർമ്മ-
സാരാംബുധേ! കദനമെന്തി"തി കേണതാവാം.

33 ചിന്താശതങ്ങളവരായിവലഞ്ഞു, ദേവ—
സന്താനമങ്ങു മരണാർത്തികലർന്നിടുമ്പോൾ
മാന്ദ്യത്തെ നീക്കിടുമദൃശ്യമതായതാല—
വൃന്ദത്തിനാലഖിലനാഥനെ വീശിതെന്നൽ.

34 ആകാശവീഥിയിലെഴുന്ന കരാളമേഘം
ലോകത്തെ ഹന്ത! ഭയവിഹ്വലയാക്കിടുമ്പോൾ
ശോകാന്ധകാരതരവേദനയേറിവന്നിൽ
ലോകാധിമർത്ത്യതനയൻ ഗതബോധനായി.

35 വേണ്ടാതനങ്ങളൊഴിവാക്കുവതിന്നശക്തി
വേണ്ടോളമാണ്ടഭഗവാനിതിചേർന്നതെങ്കിൽ
ഉണ്ടാകുമോ ചിരമനസ്സംസൃതിയിൽക്കിടന്നു
തിണ്ടാടിടുന്നരനനേകമഹാർത്തതാപം?

36 എല്ലാം നിനയ്ക്കിൽ നരജീവിതമെത്ര സാര—
മില്ലാത്തതാണർണ്ണവബുദ്ബുദമെന്നപോലെ;
ഇല്ലാവിവാദമവനീതലജാതനായാ—
ലെല്ലാർക്കുമാധിഹൃദയത്തിലുദിച്ചിടാകാം.

(തുടരും)

# "സുവിശേഷപ്രഭാഷക"ൻെറ വിരുദ്ധപ്രകടനം

ഈയാണ്ട് കന്നിലക്കം "വിയോജിതൻ"നിൽ "കവനാട്ടുയോഗവും മറുഭാഷക്കാരും" എന്ന തലവാചകത്തിൽ എഴുതിയിരുന്ന ലേഖനം പലരും വായിച്ചിരിക്കുമല്ലോ. ഇതിനെതിരായി കഴിഞ്ഞ വൃശ്ചികം ലക്കം സുവിശേഷപ്രഭാഷകനിൽ ഒരു ലേഖനം കാണുകയുണ്ടായി. വിവേകമില്ലാത്ത ചില വായനക്കാർ ഇതു വിയോജിതനിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനത്തിൻെറ ഖണ്ഡനമാണെന്നു ഭ്രമിച്ചു പോയതായി അറിയുന്നു. എന്നാൽ ഞങ്ങളുടെ ലേഖനത്തിൻെറ ഏതെങ്കിലും ഭാഗം ഉദ്ധരിച്ചിട്ട് അതു ശരിയല്ലെന്നോ സത്യമല്ലെന്നോ പ്രഭാഷകൻ അതിൽ കാണിച്ചിട്ടില്ലാത്തതുകൊണ്ടു ഖണ്ഡനം എന്നപേരിനു അത് അർഹമല്ല. വിയോജിതൻ ഒരു ലേഖനം എഴുതിയപ്പോൾ പ്രഭാഷകനും ഒരു ലേഖനം എഴുതിയെന്നേ ഉള്ളു. ലേഖനത്തിനു ഒരു ലേഖനം എഴുതണമെന്നല്ലാതെ ന്യായമായ മറുപടി പറയണമെന്ന് പ്രഭാഷകന് ഉദ്ദേശമില്ലെന്നു ആ ലേഖനം വായിക്കുന്ന ഏവരും അഭിപ്രായപ്പെടാതെ ഇരിക്കയില്ല. എന്നാൽ പ്രഭാഷകൻ വാദപ്രതിവാദത്തെക്കുറിച്ചുള്ള പ്രസ്താവനയിൽ ഒരുപകാരം ചെയ്തിട്ടുണ്ട്. അതെന്തെന്നാൽ: മി. കെ. ഇ. എബ്രഹാം വാദപ്രതിവാദത്തിനുള്ള വെല്ലുവിളിയെ സ്വീകരിക്കാതെ മാറിക്കളഞ്ഞിരിക്കുന്നു എന്നു സമ്മതിച്ചതാണ്. ഇതുകൊണ്ടു മറുഭാഷാവിഭ്രമം ഒരു വാദപ്രതിവാദത്തിനു വിഷയമാകത്തക്ക യോഗ്യതയുള്ളതല്ലെന്നും, മറുഭാഷാസംഘത്തിലെ മുഖ്യോപദേഷ്ടാവായ മി: എബ്രഹാമിനു കൂടിയും അതിനു കഴിവില്ലെന്നും ലോകസമക്ഷം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

എന്നാൽ പ്രഭാഷകനെപ്പോലെ ലേഖനത്തിനു പകരം ഒരു ലേഖനം എഴുതുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല. പ്രഭാഷകനിലെ ലേഖനത്തിലെ അവാസ്തവങ്ങളും യുക്തിവിരുദ്ധങ്ങളും നഷ്പ്രമാണപ്രയോഗങ്ങളും തെളിയിച്ചു സാംക്ഷിപ്തമായ ഒരു ഖണ്ഡനമെഴുതുവാനാണ് ഈ ലേഖനം കൊണ്ടു ഞങ്ങൾ ഉദ്ദേശിക്കുന്നത്.

പ്രഭാഷകനിലെ പ്രസ്താവനകളും അതിനു ഞങ്ങൾക്കുള്ള പ്രത്യുക്തികളും അനുക്രമമായി കാണിച്ചുകൊള്ളട്ടെ.

<u>പ്രഭാഷക പ്രസ്താവന:</u> "ഏഴു വർഷത്തിനു മുമ്പു കവനാട്ടും പരിസരപ്രദേശങ്ങളിലും ആരംഭിച്ചു നടത്തിപ്പോരുന്ന വേലയെ ഒപ്പുണർ ഭ്രാൻകാരും വിയോജിതസംഘവും പ്രസംഗങ്ങൾ, ലഘുലേഖകൾ, മാസികാലേഖനങ്ങൾ മുതലായവ വഴിയായി ആദി മുതൽക്കെ ആവോളം എതിർത്തുകൊണ്ടിരുന്നു. ഈ എല്ലാത്തരം പോരാട്ടങ്ങളുടെയും എതിർപ്പുകളുടെയും മദ്ധ്യേ ദൈവം ഈ വേലയെ ശക്തിയായി നടത്തിക്കൊണ്ടിരുന്നു എന്നുള്ളതു നന്ദിയോടുകൂടി ഈ അവസരത്തിൽ സ്മരിച്ചുകൊള്ളുന്നു.

<u>ഞങ്ങളുടെ പ്രത്യുക്തി:</u> ഈ പ്രസ്താവനയിൽ അവാസ്തവം ഉണ്ട്. ഈ പ്രദേശങ്ങളിലെ പെന്തിക്കോസ്തുവേല കവനാട്ടിനെ പ്രധാനമാക്കിക്കൊണ്ടു ചുറ്റുപാടും നടക്കുന്ന വേല എ

ന്നുള്ള അർത്ഥത്തിൽ പറഞ്ഞിട്ടുള്ളതു സത്യമല്ല. മുളക്കുഴയെ പ്രധാനമാക്കികൊണ്ടു പരിസരപ്രദേശങ്ങളിൽ നടക്കുന്ന വേലയെന്നു പറയുന്നതാണു സത്യം. കുമ്പനാട്ട് പെന്തിക്കോസ്തുകാരുടെ ആസ്ഥാനമാണെന്നുള്ള ഭാഗത്തിൽ ചെയ്തിരിക്കുന്ന ഈ പ്രസ്താവന യഥാർത്ഥമോ എന്നു പ്രഭാഷകൻ ഒന്നു ചിന്തിച്ചാൽ കൊള്ളാം.

“എല്ലാത്തരം പോരാട്ടങ്ങളുടേയും എതിർപ്പുകളുടേയും മദ്ധ്യേ ദൈവം ഈ വേലയെ ശക്തിയായി നടത്തിക്കൊണ്ടിരുന്നു; എന്നുള്ളതു ശരിയെങ്കിൽ ഈയിടെ ആ ശക്തി പോയതിനു കാരണമെന്തു്? പെന്തിക്കോസ്തരെ ദൈവം കൈവിട്ടു കളഞ്ഞതുകൊണ്ടാണോ? അതോ ഞങ്ങളുടെ പ്രതിഷേധോദ്യമങ്ങൾ ഫലിച്ചതുകൊണ്ടാണോ? കന്നിമാസത്തിൽ കുമ്പനാട്ടു നടന്ന ഞങ്ങളുടെ പ്രസംഗയോഗം മുതൽ കുമ്പനാട്ട്, പൂവത്തൂർ മുതലായ പരിസരസ്ഥലങ്ങളിൽ പെന്തിക്കോസ്തുവിഭാഗം വളരെ ക്ഷീണമുണ്ടായിട്ടുണ്ടെന്നുള്ളതു പ്രത്യക്ഷമാണല്ലോ.

പ്രസ്താവന: “അതുമൂലം മേൽപറഞ്ഞവരുടെ അസൂയയും നീരസവും ശക്തിപ്പെട്ടുകയും”

പ്രത്യുക്തി: ഇങ്ങിനെയെങ്കിൽ സഹോദരസഭയുടെ അഭിവൃദ്ധികണ്ടു പെന്തിക്കോസ്തുകാർക്കുണ്ടായ അസൂയയും നീരസവും വർദ്ധിച്ചതുകൊണ്ടല്ല മിഷ്യനറി മിസ്റ്റർ നോയൽ താമസിക്കുന്ന കുമ്പനാട്ട് ആറേഴു വർഷങ്ങളോളം രാപ്പകൽ താമസിച്ചു പെന്തിക്കോസ്തു സഭ സ്ഥാപിപ്പാൻ സാഹസപ്പെട്ടതെന്നു ഞങ്ങൾക്കും പറയരുതോ?

സൂക്ഷ്മമാലോചിച്ചാൽ പെന്തിക്കോസ്തരുടെ നേരെ ബ്രദറൻ അസൂയതോന്നുവാൻ യാതൊരു മാർഗ്ഗവുമില്ല. കാരണം മനുഷ്യർ അസൂയപ്പെടുന്നതു്, ഒന്നുകിൽ തന്നെക്കാൾ അന്യർ ഉന്നതരാവുക; അല്ലാത്തപക്ഷം തനിക്കു സമം മറ്റൊരുവൻ ഉയരുക എന്നിവയിൽ ഏതെങ്കിലും ഒന്നു നിമിത്തമാണു്. അസൂയയ്ക്കുള്ള ഈ രണ്ടു കാരണങ്ങളും പെന്തിക്കോസ്തരെ സംബന്ധിച്ചിടത്തോളം ഇല്ലതന്നെ. പെന്തിക്കോസ്തർ എല്ലു മുറിയെപ്പണിതാലും അഭിവൃദ്ധിയിൽ അടുത്ത കാലത്തെങ്ങും ബ്രദറിനോടു കിടനിൽക്കുവാൻ സാധിക്കയില്ല. അങ്ങിനെയിരിക്കെ അതിനെ കവിയുന്ന കാര്യം പറയണമോ? ആ സ്ഥിതിക്കു പെന്തിക്കോസ്തരുടെ നേരെ സഹോദരസഭയ്ക്കു അസൂയയുണ്ടെന്നു പറയുന്നതു് അവാസ്തവമെന്നു തെളിയുന്നു.

പ്രസ്താവന: “ഓപ്പൺ ബ്രദറൻകാരുടേയും വിയോജിത വിശ്വാസം പരിത്യജിച്ചു് അവരിലേക്കു് ഇപ്പോൾ ലയിച്ചിരിക്കുന്ന വിയോജിതന്മാരുടേയും കഴിഞ്ഞ കാലങ്ങളിലെ പ്രതിഷേധോദ്യമങ്ങളിൽ “കുയുക്തികളും അനാവശ്യകങ്ങളായ ആക്ഷേപങ്ങളുമല്ലാതെ ദൈവവചനം അടിസ്ഥാനപ്പെടുത്തിയുള്ള ന്യായങ്ങൾ പ്രസ്താവിച്ചു കേട്ടിട്ടില്ല,”

പ്രത്യുക്തി: ഈ വാചകത്തിൽ പ്രഭാഷകൻ വളരെ ബുദ്ധിമുട്ടി രണ്ടു സംഗതികൾ ഒളിപ്പിച്ചിരിക്കുന്നു. അതിൽ ഒന്നു വിയോജിതന്മാർ വിയോജിതവിശ്വാസം പരിത്യജിച്ചു എന്നുള്ളതാണു്. ലേഖകൻ ഇതെഴുതുമ്പോൾ വിശ്വാസ പരിത്യാഗത്തിൽ താൻ പതിനെട്ടു കരണം മറിഞ്ഞ സംഗതി അദ്ദേഹം മറന്നുപോയി. ഞങ്ങളോ

ചേർന്നു നിൽക്കുമ്പോൾ അദ്ദേഹം സഹസ്രാബ്ദം വിശ്വസിച്ചിരുന്നു. അനന്തരം അതുപേക്ഷിച്ച് സഹസ്രാബ്ദവിശ്വാസം ഇല്ലാത്ത ചർച്ച് ഓഫ് ഗോഡിൽ കുറേനാൾ നടന്നു. ആ കാലയളവിന്റെ ശേഷം പെന്തിക്കോസ്തിനോടു ചേർന്നു വീണ്ടും സഹസ്രാബ്ദം എടുത്തു. ഇതുപോലെ ഇദ്ദേഹം മററും പല അഭിപ്രായങ്ങൾ എടുക്കയും പിന്നീടു പരിത്യജിക്കയും ഒട്ടക്കം ലജ്ജകൂടാതെ അതിൽ "തിരികെവരയിക്ക"യും ഉണ്ടായിട്ടുണ്ട്. ഈ "അനുഭവക്കാര"നാണ് ഞങ്ങളുടെ വിശ്വാസവിഷയങ്ങളിൽ യാതൊന്നിനേയും ഉപേക്ഷിച്ചിട്ടില്ലാത്ത വിയോജിതന്മാരെ കുററം പറയുന്നതു്. അവസാനകാലം തന്നെ.

__പ്രസ്താവന:__ "ബ്രദറൻ കാരുടേയും വിയോജിതന്മാരുടേയും കഴിഞ്ഞ കാലങ്ങളിലെ പ്രതിപാദ്യങ്ങളിൽ കയ്യുക്തികളും അനാവശ്യകങ്ങളായ ആക്ഷേപങ്ങളുമല്ലാതെ ദൈവവചനം അടിസ്ഥാനപ്പെടുത്തിയുള്ള ന്യായങ്ങൾ പ്രസ്താവിച്ചു കേട്ടിട്ടില്ല."

__പ്രത്യുക്തി:__ ഇതു സത്യമായി പറയുന്നതാണെങ്കിൽ പ്രഭാഷകൻ ഇതിനു തെളിവു തരട്ടെ. "മറുഭാഷാനികഷം" തന്നെ പെന്തിക്കോസ്തിന്റെ ഖണ്ഡനമായി എഴുതിയിട്ടുള്ള ഒരു പുസ്തകമാണല്ലോ. അതിൽ പ്രയോഗിച്ചിരിക്കുന്ന "കയ്യുക്തി" ഏതു്? "അനാവശ്യകമായ ആക്ഷേപം" ഏതു്? ധൈര്യമുണ്ടെങ്കിൽ അടുത്ത പ്രഭാഷകനിൽ അതു ചൂണ്ടികാണിക്കട്ടെ.

__പ്രസ്താവന:__ "തിരുവചനത്തിൽ നിലനിന്ന് ഒന്നും സംസാരിക്കാൻ ഇല്ലെന്നു വരികയും."

__പ്രത്യുക്തി:__ എന്തു ഭയങ്കരവ്യാജം! അപശബ്ദം മറുഭാഷയാണെന്നു തെളിയിപ്പാൻ ശ്രമിക്കുന്ന പെന്തിക്കോ സ്തുകാരാണ് "തിരുവചനത്തിൽ നിലനിന്നു സംസാരിപ്പാൻ ഒന്നും ഇ ല്ലാത്തതു്". ഞങ്ങൾ അല്ല. ഇരുഭാഗക രുടേയും പുസ്തകം വായിക്കുന്നവ നാൽ ഈ വാസ്തവം നിഷ്പ്രയാസ മനസ്സിലാവുന്നതാണ്.

__പ്രസ്താവന:__ "നോട്ടീസിന്റെ വിഷയബാഹുല്യതാകൊണ്ടു ജനത്തെ ഏതാണ്ടു ഭ്രമിപ്പിക്കാമെന്നു വിചാ ച്ചു."

__പ്രത്യുക്തി:__ ഈ നോട്ടീസു ക പ്പോൾ മറുഭാഷക്കാർ ഭ്രമിച്ചു ഞ ളുടെ കുററമല്ല. എന്നാൽ അവർ വി ശ്വസിക്കയും സ്വീകരിക്കയും ചെയ്യു ന്ന ഒരു വിഷയവും ഞങ്ങൾ നോട്ടീ സിൽ വെച്ചിട്ടില്ല. ഉണ്ടെങ്കിൽ പ്രഭാ ഷകൻ കാണിക്കട്ടെ.

__പ്രസ്താവന:__ "വചനവിരുദ്ധങ്ങ ളായ സംഗതികളെ വേദഭാഗംകൊ ണ്ടു പരിശോധിക്കുന്നതായിരിക്കുമെന്നു മിസ്റ്റർ ഏബ്രഹാം തന്റെ നിരൂപണ പ്രസംഗത്തിൽ പ്രസ്താവിച്ചു."

__പ്രത്യുക്തി:__ മിസ്റ്റർ ഏബ്രഹാം വേ ദഭാഗം കൊണ്ടു പരിശോധിക്കുമെന്നു വെറുതേ പ്രസ്താവിച്ചതല്ലാതെ പ രിശോധിച്ചുവെന്നു ലേഖകനു അഭിപ്രാ യമുണ്ടോ? ഉണ്ടെങ്കിൽ പരിശോധിച്ച വിഷയം ഏതാണെന്നു പറയണം. ഞ ങ്ങൾക്കറിഞ്ഞുകൂടാ. പ്രഭാഷകൻ അ സത്യവാദിയല്ലെങ്കിൽ അടുത്ത ലക്ക ത്തിൽ അതു ചൂണ്ടികാണിക്കണം.

__പ്രസ്താവന:__ "കാപ്പൺബ്രദറൻകാ ർ തിരുവെഴുത്തുകളെ എല്ലാം വിശ്വ സിക്കുന്നതിനു മനസ്സില്ലാത്തതിനാലാ ണ് കയ്യുക്തികളും ആക്ഷേപങ്ങളും കൊണ്ടു് എതിർക്കുന്നതു്."

പ്രത്യുക്തി: പെന്തിക്കോസ്തുകാരുടെ അപശബ്ദങ്ങളെ വിശ്വസിക്കാത്തതു കൊണ്ടാണോ സഹോദരസംഘക്കാർ തിരുവെഴുത്തുകളെയെല്ലാം വിശ്വസിക്കുന്നതിനു മനസ്സില്ലാത്തവരെന്നു പ്രദോഷകൻ പറയുന്നതു്. ഇങ്ങനെയെങ്കിൽ പെന്തിക്കോസ്തർ ശാബതിൽ വിശ്വസിക്കാത്തതുകൊണ്ടു്, തിരുവെഴുത്തുകളെല്ലാം വിശ്വസിപ്പാൻ മനസ്സില്ലാത്തവരാണു പെന്തിക്കോസ്തർ എന്നിങ്ങനെ ശാബതുകാരനും, തിരുവത്താഴവും സ്നാനവും നടത്തുന്നതുകൊണ്ടു തിരുവെഴുത്തുകളെ എല്ലാം വിശ്വസിക്കുന്നതിന് മനസ്സില്ലാത്തവരാണു പെന്തിക്കോസ്തരെന്നു രക്ഷാസൈന്യക്കാരനും പറവാൻ സാധിക്കും.

പ്രസ്താവന: "നേരും നിലയുമില്ലാത്ത"തെന്നു മിസ്റ്റർ സൈമൺ സ്വയം സമ്മതിച്ചിട്ടുള്ള മനശ്ശാസ്ത്രം ആദിയായ ഉപാധികളെക്കൂടെ അടിസ്ഥാനമാക്കി വാദപ്രതിവാദം ചെയ്യുന്നതിന് മിസ്റ്റർ ഏബ്രഹാമിനെ അവർ ക്ഷണിക്കയുണ്ടായി. വേദമാത്രന്മാരായ ക്രിസ്ത്യാനികളുടെ ഉപദേശങ്ങളെ ഖണ്ഡനമണ്ഡനം ചെയ്യാനുള്ള ആയുധം വേദപുസ്തകം മാത്രമാകയാൽ അതിൽ നിന്നന്യമായ നിലയിലുള്ള വാദപ്രതിവാദത്തിന് മി: ഏബ്രഹാം സമ്മതിച്ചു മറുപടി കൊടുത്തില്ല."

പ്രത്യുക്തി: ഈ ഭാഗത്തു മി: ഏബ്രഹാം വാദപ്രതിവാദത്തിൽനിന്നു പിൻമാറിയ സംഗതി പ്രദോഷകൻ സമ്മതിച്ചതിനു നന്ദിപറയുന്നു. എന്നാൽ ലേഖകനു ഞങ്ങൾ എഴുതിയ 'സഭാപ്രദീപ'ത്തിൽകണ്ട വാചകത്തിന്റെ അർത്ഥം മനസ്സിലായില്ല. മനശ്ശാസ്ത്രം നേരും നിലയുമില്ലാത്തതെന്നു മനശ്ശാസ്ത്രത്തെപ്പറ്റി സഭാപ്രദീപത്തിൽ പറഞ്ഞിട്ടില്ല. "നേരും നിലയുമില്ലാത്ത" മനശ്ശാസ്ത്രതത്വങ്ങൾ എന്നു പറഞ്ഞതുകൊണ്ടു മനശ്ശാസ്ത്രമെ അതിലെ തത്വങ്ങൾ മുഴുവനുമോ നേരും നിലയുമില്ലാത്തതെന്നു ലേഖകൻ മനസ്സിലാക്കിയതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു. വൈദികസ്കൂളിൽ പഠിക്കുന്ന കുട്ടികളെ ദുർമ്മതങ്ങൾ വിശ്വസിക്കുന്നതിനു സഹായിക്കുന്ന തത്വങ്ങളെപ്പറ്റി മാത്രമാണു ഞങ്ങൾ പറഞ്ഞിട്ടുള്ളതു്. ഈ യഥാർത്ഥം മനസ്സിലാക്കാതെ ഞങ്ങളുടെ വാചകം വ്യാഖ്യാനിച്ച ലേഖകന്റെ ബുദ്ധിശക്തിക്കും ഭാഷാജ്ഞതയ്ക്കും നമസ്കാരം.

എന്നാൽ, മനശ്ശാസ്ത്രം ആദിയായ ഉപാധികളെ കൂടെ അടിസ്ഥാനമാക്കി വാദപ്രതിവാദം ചെയ്യണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടതായി ലേഖകൻ പറയുന്നതുതന്നെ വ്യാജമാണ്.

"വേദമാത്രന്മാരായ ക്രിസ്ത്യാനികളുടെ ഉപദേശങ്ങളെ ഖണ്ഡനമണ്ഡനം ചെയ്യാനുള്ള ആയുധം വേദപുസ്തകം മാത്രമാണ്" എന്നിങ്ങനെ പ്രദോഷകൻ പൂർവ്വോക്തവാചകത്തെ തുടർന്നു ജല്പിക്കുന്നു.

പ്രദോഷകനു ഈ വലിയ തത്വം ബോധപ്പെട്ടതു് എന്നാണ്? "പരിശുദ്ധാത്മസ്നാനം" എഴുതിയപ്പോൾ ബോധപ്പെട്ടിരുന്നുവോ? ഇല്ല, അതിൽ വേദപുസ്തകംമാത്രമല്ല ഖണ്ഡനമണ്ഡനങ്ങൾക്കു് ഉയർത്തിയിരിക്കുന്ന ആയുധം. അതിൽ മനശ്ശാസ്ത്രവും മനുഷ്യാഭിപ്രായങ്ങളും ചരിത്രവും അടിസ്ഥാനമില്ലാത്ത ഊഹങ്ങളും ഭാഷയും പ്രദോഷകന്റെ കഴിവിലും അറിവിലും പെട്ടിടത്തോളം ചെലുത്തിയിട്ടുണ്ടു്. ഇപ്പോൾ പുറപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദോഷകന്റെ ഓരോ ലക്കങ്ങളും പെന്തിക്കോസ്തർക്കു ഖണ്ഡനമണ്ഡനം ചെയ്യാനു

ഉള്ളതുയഥാംവേദപുസ്തകം മാത്രമല്ലെന്നു വിളിച്ചുപറയുന്നു. “യുഗാന്ത്യലക്ഷ്യങ്ങ”ളിൽ കാണുന്ന മുസ്സോളിനിയും, ഓമറിന്റെ പള്ളിയും, പാപ്പായുടെ സ്റ്റാമ്പും, റേഡിയോ യന്ത്രങ്ങളും വേദപുസ്തകത്തിലുണ്ടോ? ഉണ്ടെങ്കിൽ പ്രബോധകൻ അതിന്നു് അദ്ധ്യായവും വാക്യവും കാണിക്കണം. എത്ര കള്ളക്കഥകളാണു് രോഗശാന്തിയേയും മറ്റൽഭുതങ്ങളേയും സ്ഥാപിപ്പാൻ പ്രബോധകനിൽ പ്രസിദ്ധീകരിക്കുന്നതു്. ഈ കള്ളക്കഥകൾക്കും വേദപുസ്തകമാണോ അടിസ്ഥാനം? ലജ്ജകൂടാതെ കേവലം മനുഷ്യായുധങ്ങൾ കൊണ്ടു് ഈപ്ലശം പെന്തിക്കോസ്തുകെട്ടിടത്തിന്റെ പണി നടത്തുന്ന പ്രബോധകനാണു് കാള്ച്ചവശാൽ മനഃശാസ്ത്രം, ചരിത്രം, സാഹിത്യം മുതലായവയിൽനിന്നു ഞങ്ങൾ ചില ചോദ്യങ്ങൾ ചോദിക്കുമെന്നു പറഞ്ഞപ്പോൾ ഭയന്നു “വേദപുസ്തകം മാത്രം” എന്നു നിന്നു പിഴെപ്പാൻ പറയുന്നതു്.

പ്രസ്താവന: “സാമത്ഥ്യപരീക്ഷണത്തെയല്ല, പ്രത്യുത, സത്യപ്രദർശനത്തിനായി പൊതുപ്രയോജനത്തെയാണു് കരുതുന്നതെങ്കിൽ വാദപ്രതിവാദത്തെക്കാൾ ജനസാമാന്യമദ്ധ്യേ ഒരു പൊതുപീഠത്തിന്മേൽ ഇരുകൂട്ടരും പ്രസംഗങ്ങൾ നടത്തുന്നതു് ഏറെ യുക്തം”.

പ്രത്യുക്തി: വാദപ്രതിവാദം സാമത്ഥ്യപരീക്ഷണത്തിനും, ഒരു പൊതുപീഠത്തിന്മേൽ ഇരുകൂട്ടരും പ്രസംഗങ്ങൾ നടത്തുന്നതു സത്യപ്രദർശനത്തിന്നും പൊതുപ്രയോജനത്തിന്നും ഉതകുമെന്നു് പ്രബോധകന്നു് അഭിപ്രായമുള്ളതായി സ്ഫുരിക്കുന്നു. ഈ അഭിപ്രായം വകവയ്ക്കത്തക്കതോ? എതിരാളി യാതൊന്നും ചോദിച്ചുകൂടെന്നു ശഠിക്കുന്ന പ്രബോധകന്റെ പ്രസംഗം എങ്ങിനെയാണു് സത്യപ്രദർശനത്തിനുതകുന്നതു്? കുറെ വാക്യങ്ങൾ എടുത്തു തോന്നിയതുപോലെ അർത്ഥം പറഞ്ഞുംവെച്ചു അതു സത്യപ്രദർശനമാണെന്നു പറഞ്ഞാൽ ആരുവിശ്വസിക്കും? പ്രതിയോഗിയുടെ വാദം ക്ഷമയോടു കേട്ടു തക്ക മറുപടി പറഞ്ഞു് ശ്രോതാവിന്നു സംശയപരിഹാരം വരുത്താതെ ഒരു പ്രസംഗം തട്ടിമൂളിച്ചുംവെച്ചു ഇതു വിശ്വസിച്ചുകൊള്ളണമെന്നു പറയുന്നതു പാപ്പയെ പിന്തുടരുകയല്ലാതെ മറ്റൊന്നല്ല. പ്രബോധകൻ ഈവിധം പ്രസംഗിക്കുന്നതു്? മറ്റുള്ളവർ ഒന്നും മിണ്ടാതെ അംഗീകരിച്ചു കൊള്ളണമെങ്കിൽ മറ്റുള്ളവരുടെ പ്രസംഗങ്ങൾക്കും യാതൊരെതിരും പറയാതെ ആമേൻ പറഞ്ഞു് അംഗീകരിച്ചുകൊള്ളുവാൻ പ്രബോധകനും കടമയുണ്ടു്?

. ഹേ! ഞാൻ അങ്ങിനെ പറഞ്ഞില്ല എന്നു പ്രബോധകൻ പറഞ്ഞേക്കും. ശരി എന്നാൽ വാദപ്രതിവാദം അതായതു ചോദ്യോത്തരങ്ങൾ പാടില്ല. സത്യത്തിന്റെ പ്രദർശനത്തിനു കേവലം പ്രസംഗമാണു വേണ്ടതു് എന്നു് അദ്ദേഹം ശഠിക്കുമ്പോൾ അങ്ങിനെ തന്നെയാണു പറയുന്നതു്.

ചോദ്യോത്തരങ്ങൾ പാടില്ല. പറയുന്നതു വിശ്വസിച്ചുകൊള്ളണം എന്നു റോമാസഭയും പൊസ്റ്റയിൽ യോഹന്നാൻ ഉപദേശിയും ഇപ്പോൾ പെന്തിക്കോസ്തരും ഘോഷിക്കുന്നതു് “യുഗാന്ത്യലക്ഷ്യങ്ങ”ളിലൊന്നുതന്നെ. ആരേക്കൊണ്ടും ഒരു ചോദ്യവും ചോദിപ്പിക്കാതെയും ശങ്കാസംനിവൃത്താതെയും നീട്ടി പ്രസംഗിക്കാൻ ഇതുനല്ലതരംതന്നെ.

എന്നാൽ സഹോദരസംഘാംഗങ്ങളാകുന്ന ഞങ്ങൾക്കു വാദപ്രതിവാദത്തി

ശയമില്ല. ചെമ്പുതെളിഞ്ഞു പോകുമെന്നു ഭയപ്പെടത്തക്കവണ്ണം ഞങ്ങളുടെ കയ്യിൽ ഇരിക്കുന്ന ഉപദേശങ്ങൾ കള്ളച്ചുക്കല്ല. പെന്തിക്കോസ്തുകാർ ഞങ്ങളെപ്പോലെ ധൈര്യമുണ്ടെങ്കിൽ മാസിക വഴിയായിട്ടെങ്കിലും ഒരു വാദപ്രതിവാദം ചെയ്വാൻ അവരെ ക്ഷണിച്ചുകൊള്ളുന്നു.

പ്രസംഗയോഗം സംബന്ധിച്ചുള്ള ആലോചനകളെക്കുറിച്ചു പ്രമോഷകൻ ഏതാണ്ടൊക്കെ പറയുന്നുണ്ടു്. കമ്പനാട്ടു മിസ്റ്റർ പി. സി. ജോണിന്റെ വീട്ടിൽ വെച്ചു സമ്മതിച്ചെഴുതിയ വ്യവസ്ഥകൾ ഇളക്കണമെന്നുള്ള ഭാവത്തിൽ ഞങ്ങളുടെ പക്ഷം മി: ഏബ്രഹാം വീട്ടിൽ ചെന്ന ശേഷം എഴുതുകയുണ്ടായി. ഇരുഭാഗക്കാരും മദ്ധ്യസ്ഥന്മാരും കൂടിച്ചെയ്ത ഈ വ്യവസ്ഥ ഭേദപ്പെടുത്തുവാൻ ശ്രമിച്ചതിൽ മി: ഏബ്രഹാം തെറ്റിപ്പോയി എന്നു സമ്മതിച്ച് ഉടൻ മറുപടി തരണമെന്നും, പ്രസംഗയോഗത്തിന് ആ ഒററത്തടസ്സം മാത്രമെ ഉള്ളു എന്നും അദ്ദേഹത്തെ ഞങ്ങൾ അറിയിച്ചിട്ടുണ്ട്.

ഇതിലധികം ഇപ്പോൾ ദീർഘീകരിക്കുന്നില്ല. പ്രമോഷകനു വല്ലതും പറവാനുണ്ടെങ്കിൽ പിന്നാലെ ആകട്ടെ.

## എസ്ഥേറിന്റെ പുസ്തകം

(കെ. ജി. തോമസ്സ്—റാന്നി)

ഈ പുസ്തകം പഴയനിയമത്തിലുള്ള ചെറിയ പുസ്തകങ്ങളിൽ ഒന്നാണു്.

ഗ്രന്ഥകാരൻ വിവിധ സ്ഥാനമാനങ്ങളോടുകൂടി ഇസ്രായേൽജനങ്ങളുടെ നടുനായകത്വം വഹിക്കുന്ന മോർദ്ദെഖായിതന്നെ. ഈ ഗ്രന്ഥം പഠിക്കുന്നതായാൽ പലവിധമായ ആത്മീയപാഠങ്ങൾ നമുക്കു ലഭിക്കുന്നതാണ്. ഇതിൽ ആദ്യന്തം ക്രിസ്തുസഭയുടെ വാഗ്ദത്തപ്പെട്ട തിരഞ്ഞെടുപ്പിനെപ്പറ്റിയും അതിന്റെ ക്രമാഗതമായ വളർച്ചയെക്കുറിച്ചും മാത്രമല്ല, അതിന്റെ ഭാവിമഹിമയെസംബന്ധിച്ചും നമ്മെ പഠിപ്പിക്കുന്ന മനോഹരമായ സൂചനകൾ ഉണ്ടു്. യഹൂദജാതിയുടെ അതിശ്രേഷ്ഠമായ ചിത്രം ഇവിടെ അഹശ്വേരോശ് രാജാവ് ഉയർത്തിക്കാണിക്കുന്നുണ്ടെങ്കിലും ദൈവം പുറജാതിസഭയെ തനിക്കുവേണ്ടി തിരഞ്ഞെടുത്തുവയ്ക്കുന്നതിന്റെ ഒരു ദിവ്യസാദൃശമായിട്ടത്രേ പ്രസ്തുത പുസ്തകത്തിലെ വിഷയങ്ങളെപ്പററി നമുക്കു ചിന്തിപ്പാനുള്ളതു്. ഈ പുസ്തകത്തിൽ ദൈവനാമം കാണാനില്ലെങ്കിലും അന്തർലീനമായി നാലു പ്രാവശ്യം കാണുമാനുണ്ടെന്നു വേദവിജ്ഞാനികൾ പറയുന്നു.

എസ്ഥേർ ഒന്നുമുതൽ പത്തു വരെയുള്ള അദ്ധ്യായങ്ങളെ ആദ്യമായി അദ്ധ്യായംപ്രതി നമുക്കു പഠിക്കാം. ഈ മാതിരി പഠനം കുറച്ചു ദീർഘിക്കുമെങ്കിലും വേദപഠിതാക്കൾക്കു സഹായമായിരിക്കുമെന്നുള്ളതിനു തർക്കമില്ല.

അദ്ധ്യായം 1. അഹശ്വേരോശ് വസ്ഥിയെ അനുസരണക്കേടു നിമിത്തം തള്ളിക്കളയുന്നതു്. അതായതു്, അനുസരണക്കേടുനിമിത്തം ദൈവം

യഹൂദജാതിയെ ഉപേക്ഷിക്കുന്നതു്. വാക്യം 21.

അ. 2. എസ്ഥേർ തിരഞ്ഞെടുക്കപ്പെടുന്നതും, അവളുടെ പരിപാലന പാലോതിക്രമീകരിക്കുന്നതും. = ദൈവസഭയുടെ തിരഞ്ഞെടുപ്പും പരിപാലനവും. വാ. 17.

അ. 3 ഹാമാന്റെ ഉയർച്ച = ജഡത്തിന്റെ ഉയർച്ച. വാ. 1.

അ. 4. അനുവാദം കൂടാതെ രാജസന്നിധിയിൽ പ്രവേശനമില്ലാ = ന്യായപ്രമാണം സ്വാതന്ത്ര്യത്തെ നൽകുന്നില്ല.

അ. 5. പ്രവേശനാനുവാദത്തിന്റെ അടയാളമായി പൊൻചെങ്കോൽ നീട്ടുന്നതു്. = കൃപയാൽ ഉള്ള സ്വാതന്ത്ര്യമായ പ്രവേശനം. വാ. 27.

അ. 6. ഹാമാന്റെ തോൽവി = ജഡത്തിന്റെ പരാജയം. വാ. 12-13.

അ. 7. ഹാമാൻ കഴുവിൽ തൂക്കപ്പെടുന്നതു് = ജഡം ക്രൂശിക്കപ്പെടുന്നതു്. വാ. 9-10.

അ. 8. മൊർദ്ദെഖായി കിരീടം ധരിക്കുന്നതും, യഹൂദന്മാരുടെ സന്തോഷവും, ആനന്ദവും = ക്രിസ്തുയേശു മൂലം മഹോത്സവജീവൻ. വാ. 15 – 17.

അ. 9. ഹാമാന്റെ പത്തു പുത്രന്മാർ കൊല്ലപ്പെടുന്നതു് = ദിവസം തോറുമുള്ള ക്രൂശിപ്പിൻജീവിതം. വാ. 12.

അ. 10. മൊർദ്ദെഖായി സർവ്വോപരി ഉയർത്തപ്പെടുന്നതു് = ക്രിസ്തു സകലത്തിലും സകലവും എന്നുള്ള അനുഭവം.

## വിവരണം.

ഒന്നും രണ്ടും അദ്ധ്യായങ്ങൾ:

ഒന്നാം അദ്ധ്യായത്തിൽ തള്ളപ്പെട്ട വസ്ഥിയെയും രണ്ടാം അദ്ധ്യായത്തിൽ അംഗീകരിക്കപ്പെട്ട എസ്ഥേറിനെയും കാണുന്നു. അനുസരണക്കേടുനിമിത്തം
തള്ളപ്പെട്ട സ്വജനമായ യഹൂദജാതി
ക്കു പകരം കൃപയാൽ തൽസ്ഥാന
ത്തേക്കു പുറജാതിയെ തിരഞ്ഞെടുക്ക
ന്നു. വസ്ഥിരാജ്ഞി വിവിധയോഗ്യത
കളോടു കൂടിയവളായിരുന്നിട്ടും അവ
ളെ തള്ളിക്കളയാതെ ഗത്യന്തരമില്ലാ
യിരുന്നു. കാരണം, അവൾ അഹശ്വേ
രോശിന്റെ കല്പനയെ ലംഘിച്ചു. ഈ
ത്യാഗം ഇസ്രായേലിനെ തള്ളിക്കള
ഞ്ഞതിന്റെയും, അപാത്രമായിരുന്ന
എസ്ഥേറിനെ സ്നേഹിച്ചു സ്വീകരിച്ച
തു് പുറജാതിയെ അംഗീകരിച്ചതി
ന്റെയും ചിത്രമാകുന്നു. റോമ. 11:
11, 12 വാക്യങ്ങൾ നോക്കുക

രണ്ടാമദ്ധ്യായത്തിലെ വിഷയം എ
സ്ഥേറിന്റെ തിരഞ്ഞെടുപ്പാണ്.
(1) എസ്ഥേറിന് അഹശ്വേരോശി
ന്റെ മുൻപാകെ കൃപ ലഭിച്ചു നാം
കൃപയാൽ തെരിഞ്ഞെടുക്കപ്പെട്ടവരാ
കുന്നു. എസ്ഥേറിന് ആദിയിൽ ഉണ്ടാ
യിരുന്ന പേര് ഹദസ്സ. ഈ പേരിനു
കൊഴുന്തു് എന്നർത്ഥമാണ്. (2) ഇവ
ൾ രൂപവതിയും സുമുഖിയുമായിരുന്നു.
[2: 7] ദൈവദൃഷ്ടിയിൽ യേശുക്രിസ്തു
വിന്റെ മണവാട്ടിയായ സഭയും രൂപ
വതിയാണ്. 1 പത്രോ. 2: 9-ാം വാക്യ
ത്തെ എഫെ. 16; 11-14 വരെയുള്ള
വാക്യങ്ങളോടു ചേർത്തു വായിക്ക.

(3) എസ്ഥേർ ഹേഗായിയുടെ കീ
ഴിൽ വളർത്തപ്പെട്ടു. അവൻ അവളെ
അഭ്യസിപ്പിച്ചു. ഹേഗായി പരിശുദ്ധാ
ത്മാവിന്റെ സദൃശമാണ്. അവളുടെ
ശുദ്ധീകരണത്തിനും ആവശ്യം വേണ്ട
തെല്ലാം അവൻ നൽകി. അവന്റെ
മുഖാന്തരത്തിൽ അവൾ പരിചരിക്ക
പ്പെട്ടു. [4] അന്തഃപുരം (സ്ത്രീകൾക്കു
വേർതിരിക്കപ്പെട്ട സ്ഥലം)ത്തിൽ ആ
റുമാസം മൂരുകൊണ്ടും ആറുമാസം സു
ഗന്ധവർഗ്ഗംകൊണ്ടും അവൾ ശുദ്ധീക